# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



## മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 36–ാം ചരമവാർഷികം

Vol. LXXII November 2022 No. 11








വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊടുക്കാനുള്ള ബഹു. സിസ്റ്റേഴ്സിനായുള്ള പ്രത്യേക കോഴ്സ്
കുറവിലങ്ങാട്, ഭരണങ്ങാനം പള്ളികളിൽ വച്ച്  ഒക്ടോബർ 15, 24 തീയതികളിൽ നടത്തപ്പെട്ടു.



# Golden Jubilee Greetings



**Rev. Fr. Kozhuppankutty Augustine**
19. 12. 1972



**Rev. Fr. Mattam Kurian**
18. 12. 1972





**Rev. Fr. Naduthadam Sebastian**
18. 12. 1972



**Rev. Fr. Narivelil Mathew**
18. 12. 1972



**Rev. Fr. Purayidom Thomas**
18. 12. 1972



**Rev. Fr. Puthenpurackal Mathew**
18. 12. 1972



# SILVER JUBILEE GREETINGS



Rev. Fr. Koonammaruthumkal
Augustine (Jijo George)
31. 12. 1997



Rev. Fr. Paruthiparayil
Thomas
18. 04. 1998





Rev. Fr. Thengumpallil
Joseph
30. 12. 1997



Rev. Fr. Vattamattathil
Philip
31. 12. 1997








ഷംഷാബാദ് രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിലിന്
പാലാ ബിഷപ്സ് ഹൗസിൽ സ്വീകരണം നൽകിയപ്പോൾ









കൂട്ടിക്കൽ മിഷന്റെ ഭാഗമായി നിർമ്മിച്ച ഭവനങ്ങളുടെ താക്കോൽദാനവും പുതിയ വീടുകളുടെ ശിലാസ്ഥാപനവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

NOVEMBER 2022
Vol. LXXII No. 11

# CONTENTS

ഇടയലേഖനം -69 .......... 837

സർക്കുലർ - 306 .......... 844

സർക്കുലർ - 307 .......... 845

ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് .......... 848

Collection List .......... 850

Transfer List .......... 855

അറിയിപ്പുകൾ .......... 855

വാർത്തകൾ .......... 861

ആദരാഞ്ജലികൾ .......... 898

അഭിവന്ദ്യ പിതാവിന്റെ ഡയറി .......... 903

ഇടയലേഖനം - 69

# ജാഗ്രതാസമിതി

മാർ ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന്**

**കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

സ്വാതന്ത്ര്യം സാധ്യമാക്കാൻ നിതാന്തജാഗ്രത അനിവാര്യമാണ് എന്നാണല്ലോ ചൊല്ല്. സ്വർഗ്ഗമാകുന്ന സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുന്നതിന് നിതാന്തജാഗ്രത ആവശ്യപ്പെടുന്ന ഈശോയെ നമുക്കു ബൈബിളിൽ കാണാം. സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള ചിന്ത നിലനിറുത്തി ജാഗ്രതയോടെ സ്വർഗ്ഗോന്മുഖരായി ജീവിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും അടിസ്ഥാനകടമയാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ഒഴിവാക്കാമായിരുന്ന ദുരന്തങ്ങൾ വന്നുഭവിക്കാതിരിക്കാനും രക്ഷയുടെ അവകാശം നഷ്ടമാകാതിരിക്കാനും ഓരോ ക്രിസ്ത്യാനിയും ജാഗ്രതയുള്ളവനും വിവേകമുള്ളവനും നിഷ്കളങ്കനും ആയിരിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു.

സ്വർഗ്ഗോന്മുഖജീവിതത്തിനു പ്രകടമാക്കുന്ന ജാഗ്രത പോലെതന്നെ ഈ ഭൂമിയിൽ ജീവിക്കുമ്പോഴും ജാഗ്രത ആവശ്യമാണെന്നു നാം തിരിച്ചറിയേണ്ടതുണ്ട്. ഒരു സമുദായം എന്ന നിലയിൽ നമ്മുടെ നിലനിൽപ്പിനെക്കുറിച്ചുള്ള ജാഗ്രത വളരെ പ്രധാനപ്പെട്ടതാണ്. വംശനാശം സംഭവിക്കുംവിധത്തിൽ

നമ്മുടെ നില വളരെ പരുങ്ങലിലാണെന്ന സത്യം നാം തിരിച്ചറിയണം. വിവിധ തലങ്ങളിൽ, രീതികളിൽ നാം അപകടങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

**കുട്ടികൾ, യുവജനങ്ങൾ**

രാഷ്ട്രത്തിന്റെയും ഒപ്പം, സഭയുടെയും പ്രതീക്ഷയും ഭാവിയും സമ്പത്തുമായ കുട്ടികളിലും യുവജനങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാർഗ്ഗഭ്രംശം വളരെ അപകടകരമാണ്. അറിഞ്ഞും അറിയാതെയുമായി പ്രണയക്കെണികളിലും മയക്കുമരുന്നുകെണികളിലുമകപ്പെട്ടു നശിച്ചുപോകുന്നത് ഏറിയ പങ്കും നമ്മുടെ കുഞ്ഞുങ്ങളും യുവതലമുറയുമാണെന്ന് നാം ഗൗരവപൂർവ്വം തിരിച്ചറിയണം. വിശ്വാസം ത്യജിക്കാൻ ചിലപ്പോഴെങ്കിലും യാതൊരു മടിയുമില്ലാത്തവരായി കാണപ്പെടുന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. മക്കളെ ഭൗതികപരിജ്ഞാനത്തോടൊപ്പം നല്ല ആദ്ധ്യാത്മിക അടിത്തറയിൽ വളർത്താനുള്ള ഉത്തരവാദിത്വം പ്രഥമമായും മാതാപിതാക്കൾക്കാണുള്ളത്. സ്നേഹവും കരുതലും തേടി അലയാൻ ഇടയാക്കാതെ മക്കൾക്കാവശ്യമായതെല്ലാം നൽകാൻ കുടുംബത്തിനുതന്നെ കഴിയണം. മാതാപിതാക്കൾ മക്കളുടെ സ്നേഹിതരും അധ്യാപകരുമായിരിക്കണം. മക്കളെ മിതവ്യയം പഠിപ്പിക്കണം. മാതാപിതാക്കളുടെ അധ്വാനത്തിൽ മക്കളെ പങ്കുചേർക്കണം. മാതാപിതാക്കളും മക്കളും ഒന്നിച്ചു കുടുംബപ്രാർത്ഥന നടത്തണം. വീട്ടിൽത്തന്നെ ഒന്നിച്ചു ഭക്ഷണം പാകം ചെയ്ത് ഒന്നിച്ചിരുന്നു ഭക്ഷിക്കുന്ന സംസ്കാരം വളർത്തിയെടുക്കണം. മക്കൾപോലുമറിയാതെ മയക്കുമരുന്ന് പല രൂപത്തിലും മറ്റുപലവിധങ്ങളിലും അവരെ കുടുക്കിലാക്കുന്നുണ്ടെന്ന തിരിച്ചറിവും അതിനെതിരേയുള്ള ജാഗ്രതയും മാതാപിതാക്കൾക്കുണ്ടാകണം. എന്തെങ്കിലും അപകടസൂചന ലഭിച്ചാൽ ദുരഭിമാനംകൊണ്ടു മറച്ചുവയ്ക്കാതെ സമുദായത്തിന്റെ സംഘാതമായ നീക്കങ്ങൾവഴി മക്കളെ രക്ഷിക്കാൻ കഴിയണം. കുടുക്കിൽപ്പെട്ടുപോയ നമ്മുടെ മക്കളെ തിരികെയെടുക്കുക എളുപ്പമല്ലെന്നാണ് അനുഭവങ്ങൾ പഠിപ്പിക്കുക.

വിദേശങ്ങളിലേക്കുള്ള നമ്മുടെ യുവജനങ്ങളുടെ ക്രമാതീതമായ ഒഴുക്കും ആശങ്കാജനകമാണ്. പഠനത്തിനും ജോലിക്കുമായി പോകുന്നതിനെ ന്യായീകരിക്കാമെങ്കിലും ഇവിടെ സുഭിക്ഷമായി ജീവിക്കാൻ ചുറ്റുപാടുകളുള്ളവരുടെ വിദേശഭ്രമം ആശങ്കയുണർത്തുന്നുണ്ട്. വിദേശരാജ്യങ്ങളിലെ ജീവിതം സുസ്ഥിരമാണെന്ന് ഉറപ്പൊന്നുമില്ലല്ലോ.

**കാർഷിക, ബിസിനസ്സ് മേഖല**

നമ്മുടെ സമുദായം കാർഷികമേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ഒരു സമൂഹമാണ്. ക്രൈസ്തവരുടെ പ്രധാന തൊഴിൽ വരുമാനമേഖല കാർഷികരംഗമായതിനാൽ, അതിന്റെ തകർച്ച ക്രിസ്ത്യാനികളെ സാമ്പത്തികമായി തളർത്തിയിരിക്കുന്നു. മദ്ധ്യകേരളത്തിൽനിന്ന് മലബാർഭാഗത്തേക്കും മറ്റും കുടിയേറിയത് ഭൂസ്വത്തും കൃഷിയും ഉന്നംവച്ചുകൊണ്ടുതന്നെയാണ്. എന്നാൽ, കാർഷികമേഖല ഇന്നും അവഗണിക്കപ്പെട്ട അവസ്ഥയിൽത്തന്നെ തുടരുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും വൻകിട ബിസിനസ് ലോബികളും കർഷകരെ എന്നും ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. തനി കർഷകരായ നമുക്ക് ഇവിടെ ജാഗ്രത അത്യാവശ്യമായിവരികയാണ്. നമ്മുടെ ഉത്പന്നങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും വാണിജ്യമേഖലയിൽ ചുവടുറപ്പിക്കാനും നാം ജാഗ്രത കാട്ടേണ്ടതുണ്ട്.

വലിയ കോർപ്പറേറ്റുകളുടെയും മാളുകളുടെയുമൊക്കെ ആവിർഭാവത്തിൽ നമ്മുടെ പരമ്പരാഗത ബിസിനസ്സുകളെല്ലാം ഇരുളടഞ്ഞ അവസ്ഥകളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംഘം ചേർന്നുള്ള ബിസിനസ്സുകളെപ്പറ്റി ചിന്തിക്കാനും സമുദായത്തിന്റെ സഹകരണം ഉറപ്പുവരുത്താനും ഈ മേഖലയിൽ നമുക്കു ജാഗ്രതയുണ്ടാകണം.

**ജനസംഖ്യാവിഷയങ്ങൾ**

750 കോടി വരുന്ന ലോകജനസംഖ്യയിൽ കത്തോലിക്കർ ഏകദേശം 130 കോടിയാണ്. ഇതിൽ സീറോ മലബാർ അംഗങ്ങൾ ഏകദേശം 50 ലക്ഷം വരും. ഇതിൽ ഭൂരിഭാഗവും കേരളത്തിലാണ്. അതുകൊണ്ടുതന്നെ സീറോ മലബാർ സഭയുടെ ഭാവി കേരളത്തിൽ ഈ സമുദായം എങ്ങനെ നിലനിൽക്കുന്നു എന്നതിനനുസൃതമാണ്. സമുദായത്തിന്റെ വളർച്ചയും നിലനിൽപ്പും പ്രഥമമായി അതിന്റെ ജനസംഖ്യയെ ആശ്രയിച്ചിരിക്കുന്നു.

**വിദ്യാഭ്യാസം**

വിദ്യാഭ്യാസമേഖലയിലും നാം ഏറെ പിന്നാക്കമാണ് എന്ന യാഥാർത്ഥ്യം നമ്മെ അമ്പരപ്പിക്കുന്ന ഒന്നാണ്. സഭ ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും ക്രൈസ്തവർ ഉന്നതവിദ്യാഭ്യാസരംഗത്ത് വളരെ പുറകിലാണ്. Central Universities/ IIT തുടങ്ങിയ National Centres of Excellence കളിൽ ക്രൈസ്തവവിദ്യാർത്ഥികളുടെ സാന്നിധ്യം വളരെക്കുറവാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം, അംഗീകാരം എന്നിവ പരിഗണിക്കാതെ ചില പ്രൊഫഷണൽ കോഴ്സുകൾക്കു ചേർന്ന് ഭാവി നശിപ്പിക്കുന്ന ക്രൈസ്തവർ ധാരാളമുണ്ട്. ഇതേക്കുറിച്ച് ശരിയായ ബോധവത്കരണം നടക്കുന്നില്ല. തൊഴിൽസാധ്യത കുറഞ്ഞ കോഴ്സുകൾ പഠിക്കുന്ന ക്രൈസ്തവരും ധാരാളമാണ്. ഇവരിൽ പലരും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഏജന്റുമാരാൽ കബളിപ്പിക്കപ്പെടുന്നവരാണ്. സംവരണമില്ലാത്ത സാഹചര്യം ഉന്നതവിദ്യഭ്യാസരംഗത്തുനിന്ന് ക്രൈസ്തവരെ അകറ്റിനിർത്തുന്നു. കുറഞ്ഞ പലിശയ്ക്കുള്ള വിദ്യാഭ്യാസ വായ്പകൾ ലഭിക്കാൻ ക്രൈസ്തവർ പൊതുവേ പരിശ്രമിക്കുന്നില്ല.

**ആരോഗ്യമേഖല**

ആരോഗ്യമേഖല പരിഗണിച്ചാൽ ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതലുള്ളത് നമ്മുടെ ഇടയിലാണ്. മദ്യം,

മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്നവരുടെ എണ്ണം ഏറ്റവും അധികം നമ്മുടെ സമൂഹത്തിൽനിന്നാണ്.

**സാമൂഹികക്ഷേമം**

ക്രൈസ്തവർക്ക് ലഭ്യമായ സംവരണം (OEC, OBC, EWS) സംബന്ധിച്ച അറിവുകൾ എല്ലാവരിലും എത്താത്തതു കൊണ്ട് നമുക്ക് അവസരനഷ്ടം ഉണ്ടാകുന്നു. വിവിധ സർക്കാർ/സ്വകാര്യ ഇൻഷുറൻസ് സ്കീമുകളിൽ ക്രൈസ്തവരുടെ പങ്കാളിത്തമില്ലായ്മ രൂക്ഷമാണ്. കർഷകക്ഷേമപദ്ധതി, ഇ–ശ്രം പദ്ധതി തുടങ്ങിയ സമീപകാല സർക്കാർ പദ്ധതികളിൽ പോലും ചേർന്ന സഭാംഗങ്ങൾ വളരെക്കുറവാണ്.

**രാഷ്ട്രീയ ഭരണപങ്കാളിത്തം**

നമ്മുടെ സമുദായത്തിന്റെ ബലക്ഷയം രാഷ്ട്രീയഭരണ രംഗത്തും പ്രതിഫലിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയത്തിൽ നമ്മുടെ യുവജനങ്ങളുടെ പങ്കാളിത്തക്കുറവും നേതാക്കളുടെ കുറവും സമുദായംഗങ്ങൾ പല രാഷ്ട്രീയപ്പാർട്ടികളിലായി ഭിന്നിച്ചുനിൽക്കുന്നതും സമുദായവിഷയങ്ങൾ രാഷ്ട്രീയമായി ഉന്നയിച്ചു നേടിയെടുക്കാൻ കഴിയായ്കയുമെല്ലാം നമ്മുടെ സമുദായത്തെ ദുർബലമാക്കുന്നുണ്ട്.

ഇത്തരത്തിൽ മറ്റു പല വിഷയങ്ങളും നമ്മുടെ സമുദായത്തെ ബാധിക്കുന്നതും ബലഹീനമാക്കുന്നതുമായിട്ടുണ്ട്. ഇവയെ മറികടക്കാനുള്ള സത്വരനടപടികളിലേക്കു നാം ഒന്നിച്ചു നീങ്ങേണ്ടതുണ്ട്. ഇതിനു കുടുംബങ്ങളുടെയും സഭയുടെയും സമുദായത്തിന്റെയും കൂട്ടുത്തരവാദിത്വം അനിവാര്യമാണ്. ഒപ്പം സമുദായബോധം വളർത്തേണ്ടതുമുണ്ട്. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ എന്ന കായേന്റെ ചോദ്യത്തിന് ഈശോ മറുപടി നൽകുന്നുണ്ട്. നല്ല സമരായന്റെ ഉപമയിലൂടെ സഹോദരന്റെ എന്നല്ല അയൽക്കാരന്റെപോലും കാവൽക്കാരനാകണം എന്നാണ് അതിനർത്ഥം.

മേല്പറഞ്ഞ വിഷയങ്ങളെല്ലാം പരിഗണിച്ച്, ഇതിനു പരിഹാരം കണ്ടെത്താൻ കഴിയുന്നവിധത്തിൽ സമുദായത്തിലെ ഓരോ വ്യക്തിയെയും പരിഗണിക്കാനും സഹായിക്കാനും കഴി യുന്ന ഒരു ജാഗ്രതാസംവിധാനം നമുക്കിന്ന് ആവശ്യമാണ്. അതിനായി കുടുംബക്കൂട്ടായ്മകൾ ഉടൻതന്നെ എല്ലാ ഇടവക കളിലും പുനഃസ്ഥാപിക്കണം.

ഈ ജാഗ്രതാ സംവിധാനം ഇടവകകളിൽ രൂപീകരി ക്കേണ്ടത് ഇപ്രകാരമണ്.

**1. ഇടവകസമിതി**

a) ഓരോ കൂട്ടായ്മയിൽനിന്നും പത്ത് കുടുംബങ്ങൾക്ക് ഒരു mentor / invigilator എന്ന നിലയിൽ ജാഗ്രതയുള്ള വ്യക്തിയെ വികാരിയച്ചൻ നിയമിക്കണം.

b) ബഹു. വികാരിയും, അസ്തേന്തിയും, തന്നാണ്ടു കൈകാര ന്മാരും, വാർഡ് പ്രതിനിധികളും, സിസ്റ്റേഴ്സ് പ്രതിനിധിയും ഉൾപ്പെടുന്നതാണ് ഇടവകയുടെ ജാഗ്രതാ സമിതി.

**2. ഫൊറോനാസമിതി**

ഫൊറോനാസമിതിക്കു നേതൃത്വം കൊടുക്കുന്നത് രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന ഫൊറോനയിലെ ഒരു വൈദികൻ ആയിരിക്കും (കോർഡിനേറ്റർ). ഫൊറോനാസമിതി അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

a) ഫൊറോനാവികാരി.

b) കോർഡിനേറ്റർ.

c) ഓരോ ഇടവകയിൽനിന്നുമുള്ള മെന്റർമാരിൽനിന്നുള്ള അതതു വികാരിമാർ നിശ്ചയിക്കുന്ന രണ്ടു പ്രതിനിധികൾ.

d) ഫൊറോനാവികാരിയും കോർഡിനേറ്ററും ചേർന്ന് നിശ്ചയിക്കുന്ന മൂന്നു വ്യക്തികൾ.

**3. രൂപതാസമിതി:**

a) രൂപതാധ്യക്ഷൻ നിശ്ചയിച്ചിരിക്കുന്ന അംഗങ്ങൾ.

b) ഫൊറോനയുടെ കോർഡിനേറ്റർ.

**4.** രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചൻ ഈ സമിതിക്കു മേൽനോട്ടം വഹിക്കുന്നതാണ്.

നവംബർ മാസത്തിൽത്തന്നെ എല്ലാ ഇടവകകളിലും ഫൊറോനകളിലും രൂപതയിലും സമിതികൾ രൂപീകരിക്കേണ്ടതാണ്.

**ജാഗ്രതാസമിതി ഫൊറോന കോർഡിനേറ്റേഴ്സ്**

**PRAVITHANAM**
Fr. Mathilakath Mathew
**RAMAPURAM**
Fr. Mylapparampil Joseph
**TEEKOY**
Fr. Vazhayil Antony
**THUDANGANAD**
Fr. Karamvely George
**CATHEDRAL**
Fr. Panackakuzhiyil Thomas
**ARUVITHURA**
Fr. Brahmanavelil Thomas
**BHARANANGANAM**
Fr. Kalachirayil Thomas
**CHERPUNKAL**
Fr. Porunnolil James
**ELANJI**
Fr. Kaniampadickal Sebastian
**KADANADU**
Fr. Peedikamalayil Augustine
**KADUTHURUTHY**
Fr. Kochukaippettiyil Cyriac
**KOOTTICKAL**
Fr. Chollanal Joseph
**KOTHANALLOOR**
Fr. Ponnamvarickayil George
**KURAVILANGADU**
Fr. Vettukallel James
**MOOLAMATTOM**
Fr. Vayalil Joseph
**MUTTUCHIRA**
Fr. Chillackal Thomas
**POONJAR**
Fr. Kuttikatt Thomas

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01.11.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

N.B: 2022 നവംബർ 6-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

**സർക്കുലർ 306**

## മൗണ്ട് നെബോ വെഞ്ചരിപ്പ്

വാഗമൺ സെന്റ് സെബാസ്റ്റ്യൻ ദൈവാലയാങ്കണത്തിൽ 2013 ജൂൺ 3 ന് കൂടിയ പൊതുസമ്മേളനത്തിൽ വച്ച് ഉത്ഘാടനം ചെയ്ത്, പാലാ രൂപത ഇവാഞ്ചലൈസേഷൻ മിനിസ്ട്രിയുടെ ഭാഗമായി നാം ആരംഭിച്ച മൗണ്ട് നെബോ, വൈവിധ്യമാർന്ന നവീകരണ ശുശ്രൂഷകളും സുവിശേഷവത്ക്കരണ പരിപാടികളുമായി ഇതുവരെയും സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തോടനുബന്ധിച്ചുള്ള പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണല്ലോ. അഭി. ബസേലിയൂസ് ക്ലീമീസ് ബാവാ 2013 ഡിസംബർ 13 ന് ഭരണങ്ങാനത്തുവച്ചു രൂപതാ ബൈബിൾ കൺവെൻഷന്റെ അവസരത്തിൽ മൗണ്ട് നെബോയ്ക്കായി ആശീർവദിച്ച അടിസ്ഥാനശില, വാഗമണ്ണിൽ സ്ഥാപിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2021 ജൂലൈ 12 ന് നാം ആരംഭം കുറിച്ചിരുന്നു. മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിന്റെ വിവിധങ്ങളായ ശുശ്രൂഷകൾക്ക് ഉപകരിക്കത്തക്കവിധത്തിൽ രൂപകൽപന ചെയ്തിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ പണികൾ പൂർത്തിയാകുകയാണ്. പുതിയ കെട്ടിടത്തിന്റെ ആശീർവ്വാദ കർമ്മം 2022 ഒക്ടോബർ 22 ന് ഉച്ചകഴിഞ്ഞ് 3.30 ന് നടത്തുകയാണ്. ഈയവസരത്തിൽ, ഈ ശുശ്രൂഷാകേന്ദ്രത്തെ സ്വന്തമായി സ്വീകരിച്ച്, ഇതിന്റെ വളർച്ചയ്ക്കായി നാനാവിധത്തിൽ സഹകരിച്ച ഏവരേയും സ്നേഹത്തോടും നന്ദിയോടുകൂടി അനുസ്മരിക്കുകയും, 22 ാം തിയതിയിലെ വെഞ്ചരിപ്പുകർമ്മങ്ങളിലേക്കു സന്തോഷപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു. നമ്മുടെ രൂപതയുടെ സ്വന്തമായ ഈ ശുശ്രൂഷാകേന്ദ്രത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും ഏവരുടെയും നിർല്ലോഭമായ സഹകരണം തുടർന്നുമുണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ അനേകർക്ക് ആശ്വാസത്തിനും ആത്മീയ വളർച്ചയ്ക്കുമുള്ള വലിയൊരു ആത്മീയ കേന്ദ്രമായി മൗണ്ട് നെബോ വളർന്നുവരട്ടെയെന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം, പാലാ

19.10.2022

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

സർക്കുലർ-307

# കുടുംബക്കൂട്ടായ്മ ജൂബിലിയാഘോഷം

കത്തോലിക്കാസഭയിലെ രണ്ടു പ്രധാന ഘടകങ്ങളാണ് സഭയോട് ചേർന്നുനിൽക്കുന്ന കുടുംബങ്ങളും സഹോദര സ്നേഹം വളർത്തുന്ന കുടുംബക്കൂട്ടായ്മകളും. ഈ ആധുനികലോകത്തിൽ ഗാർഹികസഭയായ കുടുംബം നേരിടുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. തൊഴിലില്ലായ്മ, വിദേശങ്ങളിലേക്കുള്ള കുടിയേറ്റം, വൈവാഹികബന്ധങ്ങളിലെ തകർച്ചകൾ, ജീവനെതിരായ വെല്ലുവിളികളും പ്രവർത്തനങ്ങളും, സമ്പർക്കമാധ്യമങ്ങളുടെയും ആഗോളവത്കരണത്തിന്റെയും ഫലമായുണ്ടായ പാശ്ചാത്യജീവിതവീക്ഷണങ്ങളും ഉപഭോഗ സംസ്കാരവുമെല്ലാം ക്രിസ്തീയകുടുംബങ്ങളുടെ ഭദ്രതയ്ക്കു കോട്ടം വരുത്തിയിരിക്കുന്നു. കുടുംബങ്ങളെക്കുറിച്ച് റോമിൽ വച്ചു നടത്തിയ പ്രത്യേക സിനഡിൽ ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞു: “ആധുനികകുടുംബങ്ങൾ ജെറുസലേം സംസ്കാരം കൈവെടിഞ്ഞ് ജെറീക്കോ സംസ്കാരം പടുത്തുയർത്തുകയാണ്.” നമ്മുടെ കുടുംബങ്ങളെ കെട്ടുറപ്പുള്ളതാക്കേണ്ടത് നമ്മുടെ കടമയാണ്. യഥാർത്ഥ ക്രിസ്തീയ വിശ്വാസജീവിതത്തിന്റെ നേർക്കാഴ്ചയായി ഓരോ കുടുംബവും മാറണം.

ഭദ്രമായ കുടുംബങ്ങളാണ് കുടുംബക്കൂട്ടായ്മകൾക്കു ബലമേകുന്നത്. നല്ല കുടുംബങ്ങൾ സജീവമായ കൂട്ടായ്മകൾ നിലനിർത്തുന്നതുപോലെ നല്ല കൂട്ടായ്മകൾ ശിഥിലമാകുന്ന കുടുംബങ്ങളെ പുനരുദ്ധരിക്കാനും സഹായകമാണ്. ദൈവജനമാകുന്ന സഭയിൽ കൂട്ടായ്മകൾക്കു വളരെ പ്രാധാന്യമുണ്ട്.

കൂട്ടായ്മകൾ എന്നും ഇടവകജീവിതത്തെ സജീവമാക്കിയിട്ടുണ്ട്. ആദിമസഭാസമൂഹത്തിന്റെ ശൈലിയും ഇതുതന്നെയായിരുന്നു. “അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ

താത്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. പ്രവ. 2:42). ഒപ്പം, നല്ല സമറായനായിത്തീരുവാനുള്ള വിളികൂടിയാണ് ഓരോ കുടുംബക്കൂട്ടായ്മയും. നമ്മുടെ സഭാസമൂഹത്തിലെ ബലഹീന രായ അജഗണത്തെ സംരക്ഷിക്കുവാനുള്ള വിളിയാണിത്. ഈ കാലഘട്ടത്തിൽ നമ്മുടെ സമൂഹം നേരിടുന്ന പല കെണികൾ ക്കും ഭീഷണികൾക്കുമെതിരേയുള്ള നമ്മുടെ രക്ഷാകവചംകൂടി യാണ് സജീവമായ കുടുംബക്കൂട്ടായ്മകൾ.

നമ്മുടെ രൂപതയിൽ കുടുംബക്കൂട്ടായ്മകൾ പ്രവർത്ത നനിരതമായിട്ട് 25 വർഷം പൂർത്തിയാവുകയാണ്. കഴിഞ്ഞ 25 വർഷങ്ങളിലൂടെ കുടുംബക്കൂട്ടായ്മകൾ രൂപതയുടെ കെട്ടു റപ്പിനും ആദ്ധ്യാത്മികതയ്ക്കും നൽകിയ സംഭാവനകൾ വളരെ യാണെന്നോർക്കുന്നു, ദൈവത്തിനു നന്ദി പറയുന്നു. രൂപത യിലെ എല്ലാ ഇടവകകളിലും കഴിഞ്ഞ നാളുകളെല്ലാം കുടുംബ ക്കൂട്ടായ്മകൾ പ്രവർത്തനനിരതമായിരുന്നു. 2020- ൽ ലോകം മുഴുവനിലും പടർന്നുപിടിച്ച കോവിഡ്-19 സമൂഹജീവിതത്തെ ഒന്നടങ്കം തടസ്സപ്പെടുത്തുകയും കുടുംബക്കൂട്ടായ്മകൾ നിശ്ശേഷം നിറുത്തിവയ്ക്കുകയും ചെയ്ത സാഹചര്യം നമ്മുടെ ഓർമ്മയിലുണ്ട്. എന്നാൽ, ഈ വർഷം ആരംഭംമുതൽ നമ്മുടെ രൂപതയിൽ കുടുംബകൂട്ടായ്മകൾ സജീവമായിത്തുടങ്ങിയെ ന്നതു സന്തോഷകരമാണ്. സഭാസ്നേഹവും സമുദായസ്നേഹ വും വളർത്താൻ കുടുംബക്കൂട്ടായ്മകളെ നമുക്കു കാര്യക്ഷമ മാക്കാം.

കഴിഞ്ഞ 25 വർഷത്തിൽ കുടുംബക്കൂട്ടായ്മയിലൂടെ നമ്മുടെ രൂപതയ്ക്കു ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറയാനും, മുൻകാല പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ ആദ്യകാലശുശ്രൂഷകരെ ആദരിക്കുക്കാനുംവേണ്ടി ഒരു വിശേഷാൽ ജൂബിലിസമ്മേളനം 2022 നവംബർ 25-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ളാലം പഴയപള്ളി പാരീഷ് ഹാളിൽ ഒത്തുചേരുകയാണ്. ഓരോ ഇടവകയിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ

അഞ്ചു പേരിൽ കുറയാത്ത ഒരു ടീം പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കണമെന്നു സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.11.2022

---

NB : 2022 നവംബർ 13-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിനുള്ള അനുവാദം

നമ്മുടെ രൂപതയിൽ ഇടവകദൈവാലയത്തിൽ വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിനുള്ള ഓറിയന്റേഷൻ കോഴ്സുകൾ 2022 ഒക്ടോബർ മാസം 15-ാം തീയതി കുറവിലങ്ങാട്ടുവച്ചും 24-ാം തീയതി ഭരണങ്ങാനത്തുവച്ചും നടത്തപ്പെടുകയുണ്ടായി. 945 സിസ്റ്റേഴ്സ് ഈ കോഴ്സിൽ പങ്കെടുത്തു. പ്രസ്തുത സമ്മേളനങ്ങളിൽ പുതുതായി സംബന്ധിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും സർട്ടിഫിക്കറ്റുകൾ ഉണ്ടായിരുന്നവർക്ക് അവ പുതുക്കി നൽകുകയും ചെയ്തു. ഇവർക്ക് ബഹു.വികാരിയച്ചന്റെ അനുവാദത്തോടെ, അടുത്ത മൂന്നു വർഷത്തേക്ക് വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഈ ശുശ്രൂഷയെ സംബന്ധിച്ചു നൽകപ്പെട്ടിട്ടുള്ള നിർദേശങ്ങളും ക്രമങ്ങളുംകൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.11.2022



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 36-ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് **2022 നവംബർ 21-ാം തീയതി 36 വർഷം** പൂർത്തിയാവുകയാണ്. നവംബർ 21-ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 ന് പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

# COLLECTION LIST

| Sl. No | Parishes | A.K.C.C | Family | Sabha Dhinam | Peters Pence | S.M.Y.M |
|---|---|---|---|---|---|---|
| 1 | ADIVARAM | 500.00 | 250.00 | | | |
| 2 | ADUKAM | 880.00 | 1135.00 | | | |
| 3 | AIMCOMBU | 2000.00 | | 2000.00 | 1750.00 | 1750.00 |
| 4 | ALPHONSAGIRI | | | | | |
| 5 | ALPHONSAPURAM | | 250.00 | 1000.00 | 300.00 | 200.00 |
| 6 | AMPARANIRAPPEL | | 3250.00 | 2300.00 | 2850.00 | 2250.00 |
| 7 | ANTHIALAM | 5135.00 | 500.00 | | | |
| 8 | ANTHINADU | | 1550.00 | 1450.00 | 1600.00 | 1400.00 |
| 9 | ARAKULAM NEW | 1000.00 | 1000.00 | 4000.00 | 1000.00 | 1000.00 |
| 10 | ARAKULAM OLD | | | | | |
| 11 | ARUNAPURAM | | | | | |
| 12 | ARUNOOTTIMANGALAM | 1000.00 | | | | |
| 13 | ARUVITHURA | 20290.00 | 18410.00 | 19730.00 | 18925.00 | 22435.00 |
| 14 | AYYAMPARA | 500.00 | 500.00 | | | |
| 15 | BHARANANGANAM | 850.00 | | 9790.00 | 10640.00 | 8320.00 |
| 16 | CHAKKAMPUZHA | 1000.00 | 1000.00 | 4000.00 | 4000.00 | 2000.00 |
| 17 | CHEMMALAMATTOM | 2200.00 | 2100.00 | | | |
| 18 | CHEMPILAVU | 200.00 | 250.00 | 450.00 | 1200.00 | 520.00 |
| 19 | CHENNAD | | | | | |
| 20 | CHERPUMKAL FORANE | 3000.00 | 7000.00 | 21942.00 | 15231.00 | |
| 21 | CHETTUTHODU | | | 1674.00 | 2219.00 | 788.00 |
| 22 | CHITTAR | 1500.00 | | 1500.00 | 1500.00 | 1000.00 |
| 23 | CHOLATHADAM | 260.00 | 260.00 | | | |
| 24 | CHOONDACHERY | 750.00 | 800.00 | 900.00 | 800.00 | 850.00 |
| 25 | EDADU | 300.00 | 300.00 | | | |
| 26 | EDAMARUKU | | | 2296.00 | 2395.00 | 2121.00 |
| 27 | EDAPPADY | 1000.00 | | | | |
| 28 | ELAMTHOTTAM | 3500.00 | | 7500.00 | | |
| 29 | ELANJI FORANE | 10000.00 | | 3000.00 | 7000.00 | 5000.00 |
| 30 | ELAPPALLY | 450.00 | 700.00 | | | |
| 31 | ERAVIMANGALAM | 100.00 | 474.00 | 472.00 | 523.00 | 611.00 |
| 32 | FATHIMAPURAM | 1925.00 | 3970.00 | 3220.00 | | 2485.00 |

| | | | | | | |
|---|---|---|---|---|---|---|
| 33 | GAGULTHA | | 400.00 | 600.00 | 500.00 | 400.00 |
| 34 | GEOVALLY | 1000.00 | | 780.00 | 620.00 | 680.00 |
| 35 | IDAMATTAM | 1500.00 | 1500.00 | | | |
| 36 | JAIGIRI | 500.00 | 500.00 | 1000.00 | 750.00 | 500.00 |
| 37 | JOSE MOUNT | 850.00 | 700.00 | | | |
| 38 | JOSEGIRI | | | | | |
| 39 | KADANAD | 500.00 | 5000.00 | 5100.00 | 5347.00 | 4200.00 |
| 40 | KADAPLAMATTAM | 1000.00 | 2000.00 | 2000.00 | 1000.00 | 1000.00 |
| 41 | KADUTHURUTHY | 4250.00 | 7500.00 | 9700.00 | 8000.00 | 7200.00 |
| 42 | KAIPPALLY | 300.00 | 300.00 | | | |
| 43 | KAKKOOR | | | | | |
| 44 | KAKOMBU | 600.00 | 750.00 | 1000.00 | 1000.00 | 800.00 |
| 45 | KALATHOOKADAVU | | 1300.00 | | | |
| 46 | KALATHOOR | 1200.00 | 2200.00 | 3100.00 | 1450.00 | 3200.00 |
| 47 | KALIKAVU | 2000.00 | 1500.00 | 11562.00 | 10983.00 | 5000.00 |
| 48 | KANJIRAMATTAM | | | 7964.00 | 7053.00 | 8889.00 |
| 49 | KANJIRATHANAM | 7500.00 | 5342.00 | | 3398.00 | 3168.00 |
| 50 | KARIMPANY | | | | | |
| 51 | KAROOR | 1500.00 | 1500.00 | 2700.00 | 2200.00 | 2300.00 |
| 52 | KATTAMPAK | 500.00 | 930.00 | | | |
| 53 | KAVALY | 500.00 | 500.00 | 1000.00 | 500.00 | 500.00 |
| 54 | KAVEEKUNNU | 750.00 | 750.00 | 1000.00 | 1000.00 | 750.00 |
| 55 | KAVUMKANDAM | 2000.00 | 3000.00 | 2500.00 | | 2000.00 |
| 56 | KAYYOOR | | | | | |
| 57 | KEEZHOOR | 200.00 | | | | |
| 58 | KIZHAPARAYAR | | 1500.00 | 1250.00 | 1500.00 | 1250.00 |
| 59 | KIZHATHADIYOOR | 11549.00 | 10718.00 | 14130.00 | 11390.00 | 9750.00 |
| 60 | KONDAD | | | 2000.00 | 750.00 | 1000.00 |
| 61 | KOODALLOOR | 1100.00 | | | | |
| 62 | KOOTHATTUKULAM | 2000.00 | 2000.00 | 4000.00 | 3000.00 | 3000.00 |
| 63 | KOOTTIKAL | | 6800.00 | 5350.00 | 2000.00 | 5100.00 |
| 64 | KOTHANALLOOR | | 13800.00 | | | |
| 65 | KOZHUVANAL | 1000.00 | 1000.00 | | | |
| 66 | KUDAKKACHIRA | 500.00 | | 3847.00 | 10000.00 | 3945.00 |
| 67 | KUDAYATHOOR | 500.00 | 1500.00 | 1400.00 | 2000.00 | 1200.00 |

| | | | | | | |
|---|---|---|---|---|---|---|
| 68 | KULAMAVU | 300.00 | 300.00 | 1468.00 | 300.00 | 300.00 |
| 69 | KUNNONNI | 2000.00 | 5783.00 | 4000.00 | 4270.00 | 4019.00 |
| 70 | KURAVILANGAD | | | 42850.00 | 24480.00 | 10800.00 |
| 71 | KURICHITHANAM | 5900.00 | 7680.00 | 8250.00 | 5890.00 | 8020.00 |
| 72 | KURINJI | 500.00 | 500.00 | | | |
| 73 | KURUMANNU | 500.00 | 700.00 | 1500.00 | 800.00 | 800.00 |
| 74 | KURUVINAL | 450.00 | | 850.00 | 800.00 | 750.00 |
| 75 | LALAM NEW PALAI | 13547.00 | 11495.00 | 13010.00 | 13061.00 | 13233.00 |
| 76 | LALAM OLD PALAI | 10300.00 | 11520.00 | 15400.00 | 12320.00 | 10350.00 |
| 77 | LOURDES MOUNT | | | | | |
| 78 | MALAPURAM | 2660.00 | 1800.00 | 2500.00 | 1500.00 | 1000.00 |
| 79 | MALAYINCHIPARA | | 1000.00 | 1100.00 | 1000.00 | 1000.00 |
| 80 | MALLIKASSERY | | 2500.00 | 1500.00 | 2000.00 | 1500.00 |
| 81 | MANALUMKAL | | | 3000.00 | 2000.00 | 1000.00 |
| 82 | MANATHOOR | 600.00 | | | | |
| 83 | MANGALAGIRI | 450.00 | 500.00 | | | |
| 84 | MANGALARAM | 500.00 | 500.00 | | | |
| 85 | MANIAMKULAM | 500.00 | | | | |
| 86 | MANIAMKUNNU | | 420.00 | 831.00 | 1100.00 | 1100.00 |
| 87 | MANJAMATTAM | 860.00 | 1240.00 | 1375.00 | 1330.00 | 1210.00 |
| 88 | MANNACKANAD | | 1000.00 | 5000.00 | 3000.00 | 1000.00 |
| 89 | MANNAR | 300.00 | 6516.00 | 2000.00 | 2000.00 | 2000.00 |
| 90 | MANNARAPPARA | 5000.00 | 5000.00 | 12000.00 | 10000.00 | 5000.00 |
| 91 | MANVETTAM | 2000.00 | | | | |
| 92 | MARANGATTUPALLY | 3250.00 | 3550.00 | | | |
| 93 | MARANGOLY | 3060.00 | 5143.00 | 4155.00 | 4180.00 | 4362.00 |
| 94 | MARYLAND | 500.00 | 500.00 | 1250.00 | 1450.00 | 800.00 |
| 95 | MATTAKKARA | 500.00 | | | | |
| 96 | MAVADY | 500.00 | 500.00 | | | |
| 97 | MEENACHIL | 645.00 | 690.00 | | | |
| 98 | MELUKAVUMATTAM | 1000.00 | 1000.00 | | | |
| 99 | MEVIDA | 1000.00 | 1000.00 | | | |
| 100 | MONIPPALLY | 1000.00 | | | | |
| 101 | MOOLAMATTOM | | | 5000.00 | 7760.00 | 6000.00 |
| 102 | MOONNANI | 300.00 | 300.00 | | | |

| | | | | | | |
|---|---|---|---|---|---|---|
| 103 | MOONNILAVU | | 1000.00 | 1000.00 | 1200.00 | 1000.00 |
| 104 | MOOZHOOR | | 1000.00 | | | |
| 105 | MULAKULAM | 500.00 | | | | |
| 106 | MUNDANKAL | 3870.00 | | 8250.00 | 10400.00 | 8950.00 |
| 107 | MUTHOLAPURAM | | 6000.00 | 10000.00 | 12000.00 | 4000.00 |
| 108 | MUTHOLY | 1800.00 | | | | |
| 109 | MUTTUCHIRA FORANE | | | 33000 | 40609.00 | |
| 110 | NAMBIAKULAM | | 4000.00 | 3000.00 | 3000.00 | 1500.00 |
| 111 | NARIANGANAM | 500.00 | | | | |
| 112 | NEELOOR | | | 3000.00 | 2000.00 | 3000.00 |
| 113 | NEERANTHANAM | 1500.00 | 2050.00 | | | |
| 114 | NELLAPPARA | | | 450.00 | 435.00 | 445.00 |
| 115 | NELLIANI | 1500.00 | 1700.00 | 1800.00 | 1750.00 | 1200.00 |
| 116 | POOVAKULAM | | | | | |
| 117 | PADUVA | 5370.00 | | 5846.00 | 4842.00 | 4812.00 |
| 118 | PAIKA | | | | | |
| 119 | PAINGULAM | 1500.00 | 2000.00 | | | |
| 120 | PALAI CATHEDRAL | 5000.00 | 25000.00 | 5000.00 | 5000.00 | 5000.00 |
| 121 | PALAKAD | 100.00 | 150 | 2078 | 150.00 | 100.00 |
| 122 | PALAKATTUMALA | 672.00 | | | | |
| 123 | PALAYAM | 1000.00 | 900.00 | 1300.00 | 1100.00 | 1100.00 |
| 124 | PARATHANAM | 4000.00 | | | | |
| 125 | PAYYANITHOTTAM | | 500.00 | 1000.00 | 1000.00 | 1000.00 |
| 126 | PERIAPURAM | 300.00 | 300.00 | | | |
| 127 | PERINGULAM | 3000.00 | | 3000.00 | 2000.00 | 2000.00 |
| 128 | PERUMTHURUTH | 500.00 | 500.00 | 1460.00 | 500.00 | 500.00 |
| 129 | PIRAVOM | 800.00 | 800.00 | 650.00 | 600.00 | |
| 130 | PIUSMOUNT | 500.00 | | | | |
| 131 | PLASSANAL | 1000.00 | 1000.00 | 7777.00 | 5555.00 | 4444.00 |
| 132 | POONJAR | 2000.00 | 2000.00 | 2500.00 | 2600.00 | 3000.00 |
| 133 | POOVARANY | 500.00 | | 1100.00 | | 1400.00 |
| 134 | POOVATHODU | 1020.00 | 4786.00 | 1756.00 | | 1030.00 |
| 135 | POOZHIKOL | 200.00 | | | | |
| 136 | PRAVITHANAM | 2000.00 | | 7000.00 | 5240.00 | 5280.00 |
| 137 | RAMAPURAM | 27600.00 | | | | |

| | | | | | | |
|---|---|---|---|---|---|---|
| 138 | RATNAGIRI | | 8000.00 | 5000.00 | 5000.00 | 2500.00 |
| 139 | SANTHIGIRI | | 600.00 | | | |
| 140 | SANTHIPURAM | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 |
| 141 | SIBIGIRI | 1000.00 | 3000.00 | | | |
| 142 | SLIVAPURAM | | 850.00 | 1200.00 | 1500.00 | 750.00 |
| 143 | TEEKOY | 8000.00 | 8640.00 | 12593.00 | 16201.00 | 9460.00 |
| 144 | THAKADI | 300.00 | 300.00 | 300.00 | | |
| 145 | THIDANAD | 7700.00 | 8100.00 | 7000.00 | 6500.00 | 7650.00 |
| 146 | THIRUMARADY | 300.00 | 300.00 | | | |
| 147 | THODANAL | | | | | |
| 148 | THUDANGANAD FORANE | 1100.00 | 1150.00 | | | |
| 149 | THURUTHIPALLY | | 1500.00 | | | |
| 150 | UDAYAGIRI | 2810.00 | 2840.00 | 3970.00 | 1500.00 | 1500.00 |
| 151 | ULLANAD | 2000.00 | | 5000.00 | 3800.00 | 4000.00 |
| 152 | URULIKUNNAM | 1500.00 | 2500.00 | 2000.00 | 3000.00 | 2000.00 |
| 153 | URUMPUKAVU (PIZHAKU) | 2000.00 | 3000.00 | 3000.00 | 2000.00 | 2000.00 |
| 154 | VADAKARA | 1000.00 | | | | |
| 155 | VAGAMON | | 800.00 | | | |
| 156 | VAKAKKAD | 2000.00 | 3000.00 | | | |
| 157 | VAKKAD | | 310.00 | 500.00 | 500.00 | 500.00 |
| 158 | VALACHIRA | 500.00 | 750.00 | 3500.00 | 3000.00 | 2000.00 |
| 159 | VALAVOOR | 500.00 | 2000.00 | 1000.00 | 1830.00 | 1160.00 |
| 160 | VARIANIKAD | | | | | |
| 161 | VAYALA | 1500.00 | 1800.00 | | | |
| 162 | VEDAGIRI | | | | | |
| 163 | VELANILAM | | 500.00 | | | |
| 164 | VELLIAMATAM | | 1000.00 | 4000.00 | | 700.00 |
| 165 | VELLIKULAM | | 1200.00 | 1000 | | 1000.00 |
| 166 | VEZHAGANAM | | 350.00 | | | |
| 167 | VILAKUMADAM | 1000.00 | 1850.00 | 7640.00 | 7360.00 | 7137.00 |
| 168 | VIMALAGIRI | 500.00 | 750.00 | 600.00 | 600.00 | 600.00 |
| 169 | XAVIERPURAM | 520.00 | 1020.00 | 890.00 | 515.00 | 500.00 |
| 170 | YENTHAYAR | 1000.00 | 1000.00 | 4500.00 | 6000.00 | 4000.00 |
| 171 | VALAKATTU KUNNU CHAPEL | 1290.00 | | | | |
| 172 | KALLORKULAM CHAPEL | | | | 740.00 | |

# കച്ചേരിക്കാര്യം

## Transfer & Appointments

**(September & October 2022)**

| | Name | Office |
|---|---|---|
| 1. | Fr. Jose Kottayil | Pastoral Assistant, Kuravilangad |
| 2. | Fr. James Kottayil | Residence, Mar Aprem Priests Home, Pala |
| 3. | Fr. Kurian Mattam | Chaplain (additional), Ranigiri Hospital Thudanganad |
| 4. | Fr. Lukose Kottukapally | Asst. Vicar, Poonjar |

## പാസ്റ്ററൽ കൗൺസിൽ മീറ്റിങ്

ഈ വർഷത്തെ പാസ്റ്ററൽ കൗൺസിൽ മീറ്റിങ് നവംബർ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

## പ്രസ്ബിത്തേരിയം & ADCP ജനറൽ ബോഡി മീറ്റിംഗ്

ഈ വർഷത്തെ പ്രസ്ബിത്തേരിയം ഡിസംബർ 15-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് 1.30 ന് യുടെ ADCP ജനറൽ ബോഡി മീറ്റിങ്ങും ഉണ്ടായിരിക്കും.

## എം.എഡ്. അഡ്മിഷൻ

പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ M.Ed. കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. B.Ed./B.A B.Ed./ BSc. B.Ed./ B.El. Ed. എന്നിവയിൽ 50% മാർക്കുള്ളവർക്കും D.El.Ed. ഉം ഡിഗ്രിയും ഉള്ളവർക്ക് രണ്ടു കോഴ്സുകൾക്കും 50% മാർക്കുണ്ടെങ്കിലും M.Ed. കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. മെറിറ്റ്/ മാനേജ്മെന്റ് സീറ്റുകൾക്ക് യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിരിക്കുന്ന ഫീസ് മാത്രം. SC, ST, OEC വിഭാഗങ്ങൾക്ക് ഫീസാനുകൂല്യം ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ കോളേജുമായി ബന്ധപ്പെടുക.

*വിശദവിവരങ്ങൾക്ക്*

**ഫോൺ : 9447037105, 9495212730**

# പാലാ ഹോം പ്രോജക്ട്

**സാമ്പത്തികസഹായം ലഭിച്ചവർ**

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | സേവ്യർ കെ.കെ., മരങ്ങോലി | | 5,30,310 |
| 2 | ബെന്നി, മരങ്ങോലി | | 5,30310 |
| 3 | മേരി, വാരിയാനിക്കാട് | | 2,50,000 |
| 4 | സിബി, ചൂണ്ടച്ചേരി | 50,000 | |
| 5 | ജോമോൻ, മറ്റക്കര | 50,000 | |
| 6 | ഷിജി, അന്തീനാട് | | 1,25,000 |
| 7 | ജോസഫ്, കത്തീഡ്രൽ | 40,000 | |
| 8 | ജോയ്, മോനിപ്പള്ളി | | 10,000 |
| 9 | ജോർജ്, മോനിപ്പള്ളി | | 10,000 |
| 10 | മത്തായി, മോനിപ്പള്ളി | | 10,000 |
| 11 | അച്ചാമ്മ, മോനിപ്പള്ളി | | 7,000 |
| 12 | ബിജു, സെബാസ്റ്റ്യൻ CMC | | 2,50,000 |
| 13 | സെബാസ്റ്റ്യൻ ഇ.പി. CMC | | 40,000 |
| 14 | ബെന്നി CMC | | 2,00,000 |
| 15 | ബാബു CMC | | 30,000 |
| 16 | ആനിയമ്മ CMC | | 30,000 |
| 17 | ബേബി, കുറവിലങ്ങാട് | | 46,000 |
| 18 | എൽസമ്മ, കുറിവിലങ്ങാട് | | 35,000 |
| 19 | സെബാസ്റ്റ്യൻ, കുറവിലങ്ങാട് | | 60,200 |
| 20 | സേവ്യർ, കുറവിലങ്ങാട് | | 52,948 |
| 21 | മേരി ചെറിയാൻ, കുറവിലങ്ങാട് | | 51,476 |
| 22 | അന്നമ്മ, പാദുവ | 50,000 | |
| 23 | ജെയിംസ്, കവീക്കുന്ന് | 50,000 | |
| 24 | ബിനോയ്, ഭരണങ്ങാനം | 50,000 | |
| 25 | സജി ജോർജ്, അന്തീനാട് | 50,000 | |
| 26 | മാർട്ടിൻ സ്കറിയ | 50,000 | |

**സാമ്പത്തികസഹായം നൽകിയവർ**

| | |
|---|---|
| പ്രവാസി അപ്പസ്തോലേറ്റ് പാലാ, കുവൈറ്റ് | 2,20,000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 918852970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കേന്ദ്ര സർക്കാർ അംഗീകൃത കോഴ്സുകൾ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (ജി.ഡി.എ.) (ദൈർഘ്യം : 1 കൊല്ലം), ഹൗസ് കീപ്പിങ് അറ്റന്റന്റ് (ദൈർഘ്യം : 6 മാസം) എന്നീ കോഴ്സുകളിലേക്കു പ്രവേശനം തുടരുന്നു. ഇന്ത്യയിൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന ആരോഗ്യമേഖലയിൽ ഒട്ടനവധി ജോലിസാധ്യതകളാണുള്ളത്. ഇത് മുൻനിർത്തി തൊഴിൽ മേഖലയിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പ്രായോഗികപരിശീലനത്തിനു മുൻതൂക്കം നൽകുന്ന നിലയിലാണ് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കോഴ്സുകളുടെ ഘടന നിശ്ചയിച്ചിരിക്കുന്നത്. തിരഞ്ഞെടുക്കുന്ന ഐച്ഛികവിഷയത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പ്രായോഗികപരിജ്ഞാനം നേടുന്നതിനു പഠനത്തോടൊപ്പം അവസരവും ഉണ്ടായിരിക്കും. പഠനത്തിൽ മികവു പുലർത്തുന്നവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ തന്നെ ജോലി ലഭിക്കാൻ മുൻഗണന ലഭിക്കും. യോഗ്യത : 10-ാം ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക് 8281699240 എന്ന നമ്പറിൽ അക്കാഡമിക് ഡിപ്പാർട്മെന്റുമായി ബന്ധപ്പെടാം.

**വൈകുന്നേരങ്ങളിൽ ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി, പാലാ**

ഞായർ, ബുധൻ ദിവസങ്ങൾ ഒഴികെയുള്ള മറ്റു ദിവസങ്ങളിൽ സായാഹ്ന ഒ.പി. സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. ഇന്റേർണൽ മെഡിസിൻ വിഭാഗത്തിലെ ഡോ. അയ്യപ്പൻ കെ. അനിലിന്റെ സേവനം വൈകുന്നേരം 5 മുതൽ 7 വരെ ലഭ്യമാണ്.

**പാലാ മാർ സ്ലീവാ മെഡിസിറ്റി നാലാം വർഷത്തിലേക്ക്**

മാർ സ്ലീവാ മെഡിസിറ്റി പാലാ നാലാം വർഷത്തോടനുബന്ധിച്ചു ജനങ്ങൾക്കു സഹായകമാകുന്ന വിവിധ കർമ്മപരിപാടികൾക്കു തുടക്കംകുറിച്ചു. ഫൗണ്ടർ & പേട്രൺ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച പരിപാടിയിൽ ഒരു കൊല്ലം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളുടെ പ്രതീകമായ ലോഗോ 'മാർ സ്ലീവാ മെഡിസിറ്റി പാലാ 4.0' പ്രകാശനം ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ ഹൃദ്രോഗ നിർണയക്യാമ്പ്**

ലോകഹൃദയദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കാർഡിയോളജിവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ഹൃദ്രോഗനിർണയ ക്യാമ്പ് സെപ്റ്റംബർ 27 മുതൽ 30 വരെ നടന്നു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ചെസ്റ്റ് പെയിൻ സെന്റർ**

ലോക ഹൃദയദിനാഘോഷത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൃദ്രോഗ ചികിത്സാവിഭാഗത്തിൽ സമ്പൂർണ ചെസ്റ്റ് പെയിൻ സെന്റർ മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ഇതിനൊപ്പം അസുഖം ഭേദമായവരുടെ സംഗമവും നടത്തി.

**മാർ സ്ലീവാ മെഡിസിറ്റി : പാലായിൽ പുതിയ സർവീസ് സെന്റർ**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സേവനങ്ങൾ കൂടുതൽ സൗകര്യപ്രദമായി പൊതുജനങ്ങൾക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പാലാ നഗരത്തിൽ ആരംഭിച്ച സർവീസ് സെന്ററിന്റെ വെഞ്ചരിപ്പുകർമം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ച് മാർ സ്ലീവാ മെഡിസിറ്റി**

ഹൃദയം തുറക്കാതെയുള്ള നൂതന വാൽവ് മാറ്റിവയ്ക്കൽ ശാസ്ത്രക്രിയയുമായി പാലാ മാർ സ്ലീവാ മെഡിസിറ്റി. നൂതന ചികിത്സയായ ടാവിയിലൂടെയാണ് കോട്ടയം സ്വദേശിയായ 82 വയസ്സുകാരിക്ക് ഹൃദയവാൽവ് മാറ്റിവെച്ചത്.

## NEW DOCTORS (OCTOBER)

1. ഡോ. അജീഷ് ടി - കൺസൾറ്റന്റ്, എൻഡോക്രൈനോളജി
2. ഡോ. മാത്യു ആന്റണി - രജിസ്ട്രാർ, ക്രിട്ടിക്കൽ കെയർ
3. ഡോ. സാം മാത്യു - രജിസ്ട്രാർ, ഇന്റേർണൽ മെഡിസിൻ
4. ഡോ. നിത്യ യു.എസ് - രജിസ്ട്രാർ, പീഡിയാട്രിക്സ്
5. ഡോ. കാർത്തിക രമേഷ് - രജിസ്ട്രാർ, കാർഡിയോളജി

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് പള്ളിക്കാപറമ്പിൽ

മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ)

മാർ അലക്സ് താരാമംഗലം (മാനന്തവാടി രൂപത സഹായമെത്രാൻ)

മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ് രൂപത സഹായമെത്രാൻ)

മാത്യു മാർ പോളികാർപ്പസ് (തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ)

MST സമൂഹത്തിലെ ജൂണിയർ വൈദികരുടെ Ongoing formation ന്റെ ഭാഗമായി 2022 ഒക്ടോബർ 22 ശനിയാഴ്ച 60 MST വൈദികർ ചേർന്ന് രാവിലെ 8 മണിക്ക് തീർത്ഥാടനകേന്ദ്രത്തിൽ വന്ന് പരി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽനിന്നും റവ. ഫാ. പോളി മണിയാട്ട്, റവ. ഫാ. ഡൊമിനിക് വെച്ചൂർ (പ്രൊഫസേഴ്സ്) എന്നിവരോടൊപ്പം ഈ വർഷം പൗരോഹിത്യം സ്വീകരിക്കാനൊരുങ്ങുന്ന 40 ശെമ്മാശന്മാർ തീർത്ഥാടനകേന്ദ്രത്തിൽ വന്ന് പരി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

**2. വി. അൽഫോൻസായുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ 14-ാം വാർഷികം**

വി. അൽഫോൻസായുടെ വിശുദ്ധപദവി പ്രഖ്യാപനത്തിന്റെ 14-ാം വാർഷികത്തോടനുബന്ധിച്ച് 2022 ഒക്ടോബർ 12 ബുധനാഴ്ച വൈകിട്ട് 5ന് ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ജപമാലപ്രദക്ഷിണവും നടത്തപ്പെട്ടു.

**3. ജപമാലമാസാചരണം**

ജപമാലമാസാചരണത്തിന്റെ ഭാഗമായി 2022 ഒക്ടോബർ 13 മുതൽ 22 വരെ വൈകുന്നേരം 5 മണിയുടെ വി. കുർബാനയ്ക്കുശേഷം ജപമാല നടത്തപ്പെട്ടു.

**4. ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി ഒക്ടോബർ മാസത്തിലെ ഒന്നാം ഞായറാഴ്ച ഉച്ചയ്ക്ക് ഒരു മണിയ്ക്ക് കുമ്പസാരവും തുടർന്ന് പരി. കുർബാനയും നടന്നു.

**5. രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 2022 ഒക്ടോബർ 29 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ബഹു. ഷാജി തുമ്പേച്ചിറ അച്ചൻ നേതൃത്വം നൽകി.

**6. റീജൻസി ബ്രദേഴ്സ്**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ആറു മാസക്കാലം റീജൻസി ചെയ്തിരുന്ന കാക്കൊമ്പ് ഇടവകാംഗമായ ബ്രദർ അഖിൽ മണ്ണാറാത്ത് പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിലേക്കു റീജൻസിക്കായി സ്ഥലം മാറിപ്പോവുകയും പകരം രാമപുരം ഇടവകാംഗമായ ബ്രദർ ജെസ്സ് കണംകൊമ്പിൽ റീജൻസിക്കായി തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേരുകയും ചെയ്തു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ 4, 5, 24 എന്നീ തീയതികളിലായി നടത്തപ്പെട്ടു. പ്രസ്തുത ദിവസങ്ങളിൽ Bible, Church History എന്നീ വിഷയങ്ങളെ അധികരിച്ച് ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ശ്രീ. അനിൽ മാനുവൽ പുന്നത്താനത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു. നവംബർ മാസത്തിലെ ക്ലാസ്സ്: നവംബർ 12 ശനി - Moral Theology ഡോ. ഡൊമിനിക്ക് വെച്ചൂർ

**2. പാലാ രൂപത കലോത്സവം 2022 - 2023**

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിത പരിശീലനകലോത്സവം 2022 ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലും പാലാ സെന്റ് തോമസ് B.Ed. കോളേജിലുമായി നടത്തപ്പെട്ടു. 15 വേദികളിലായി നടന്ന വിവിധ മത്സരങ്ങളിൽ 2000-ത്തോളം മത്സരാർത്ഥികൾ പങ്കെടുത്തു. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേസ്കൂളുകൾ:

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | ഗാഗുൽത്താ | പറത്താനം | രാമപുരം |
| IInd | മുണ്ടാങ്കൽ | മൂലമറ്റം | തീക്കോയി |
| IIIrd | വെള്ളികുളം | കാഞ്ഞിരത്താനം | കുറവിലങ്ങാട് |

**3. സംസ്ഥാനകലോത്സവം 2022–2023**

2022 ഒക്ടോബർ 24-ാം തീയതി തിങ്കളാഴ്ച താമരശ്ശേരി രൂപതയിലെ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ വച്ചു നടന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ ഇക്കൊല്ലത്തെ സംസ്ഥാനകലോത്സവത്തിൽ പാലാ രൂപതയിലെ പ്രതിഭകൾ പങ്കെടുത്തു.

**4. ഒന്നാം ടേം പരീക്ഷ**

2022-2023 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2022 ഒക്ടോബർ 30 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ ഒക്ടോബർ 29 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്തു.

## 5. Mission Quest

സീറോ മലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധന കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച Mission Quest എന്ന പേരിലുള്ള ഓൺലൈൻ ക്വിസ് മത്സരത്തിന്റെ രൂപതാതല മത്സരം 2022 ഒക്ടോബർ 30 ഞായറാഴ്ച വൈകിട്ട് 6 മണിക്ക് നടത്തപ്പെട്ടു.

**6. പാലാ രൂപത പ്രതിഭാസംഗമം**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ പ്രതിഭാസംഗമം ഈ വർഷവും നടത്തപ്പെടുന്നു. ഇടവക, ഫൊറോന, രൂപത എന്നീ മൂന്നുതലങ്ങളിലായാണ് നമ്മുടെ രൂപതയിൽ ഈ തിരഞ്ഞെടുപ്പ് നടത്തുന്നത്. ഫൊറോനതല തിരഞ്ഞെടുപ്പുകൾ 2022 നവംബർ 12, 13 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടുന്നതാണ്.

ഓരോ ഇടവകയിൽനിന്നും 12-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽനിന്ന് പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ള ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തിരഞ്ഞെടുത്ത് അവരുടെ പേരുകൾ 2022 നവംബർ 2 ന് മുമ്പായി വികാരിയച്ചന്റെ അംഗീകാരത്തോടെ രൂപത ഓഫീസിൽ ഏല്പിക്കണം. പ്രസ്തുത കുട്ടികൾ അവരുടെ ഫൊറോനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ദിവസം ഭരണങ്ങാനം മാതൃഭവനിൽ എത്തിച്ചേർന്ന് ഫൊറോനതല തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതാണ്.

ഫൊറോനതല തിരഞ്ഞെടുപ്പ് ക്രമീകരണം

A. 2022 നവംബർ 12 ശനിയാഴ്ച രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 12.30 വരെ: പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ, തുടങ്ങനാട്, മൂലമറ്റം, കടനാട് ഫൊറോനകൾ.

B. 2022 നവംബർ 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ വൈകിട്ട് 5 വരെ: കുറവിലങ്ങാട്, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ, രാമപുരം, കടുത്തുരുത്തി ഫൊറോനകൾ.

C. 2022 നവംബർ 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ വൈകിട്ട് 5 വരെ: ഭരണങ്ങാനം, അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ, പ്രവിത്താനം ഫൊറോനകൾ.

ഫൊറോനാതല തിരഞ്ഞെടുപ്പിൽ വിജയിക്കുന്നവരെ ചേർത്ത് രൂപതതല തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. അതിൽ വിജയിക്കുന്ന നാലുപേർക്ക് സീറോ മലബാർ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2022 ഡിസംബർ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കുന്ന സഭാതല പ്രതിഭാ സംഗമത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്.

**7. 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവു പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2022 ഡിസംബർ 15-ന് മുമ്പായി രൂപത വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**8. വിശ്വാസപരിശീലകപുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2022 ഡിസംബർ 15-ന് മുമ്പായി രൂപത വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്. മുൻപ് ഈ അവാർഡ് ലഭിക്കാത്ത, CTP യും ചുരുങ്ങിയത് പത്തുവർഷത്തെ സർവ്വീസും ഉള്ള അധ്യാപകരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

**9. തിരുബാലസഖ്യം - എന്റെ ഡയറി മത്സരം**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതല മത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2022 ഡിസംബർ 10-നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. മെത്രാഭിഷേകം**

ഒക്ടോബർ 9 -ന് ഷംഷാബാദിൽ വച്ചു നടന്ന മെത്രാഭിഷേകച്ചടങ്ങിൽ ഗുജറാത്ത് റീജണിലെ എല്ലാ വൈദികരും ഇടവകളിൽനിന്നുള്ള പ്രതിനിധികളും സംബന്ധിച്ചു.

**2. സ്വീകരണം**

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന് അദ്ദേഹം വികാരിയായിരുന്ന ബറൂച്ച്

സെന്റ് തോമസ് പള്ളിയിലും അംഗലേശ്വർ സെന്റ് തോമസ് പള്ളിയിലും സ്വീകരണം നൽകി. ഒക്ടോബർ 23 ഞായറാഴ്ച രാവിലെ 10 മണിയ്ക്ക് ബറൂച്ച് പള്ളിയങ്കണത്തിൽ എത്തിച്ചേർന്ന അഭിവന്ദ്യ പിതാവിനെ വികാരി ഫാ. ജോസഫ് കല്ലാച്ചേരിലും ഇടവകാംഗങ്ങളും ചേർന്നു സ്വീകരിച്ചു. തുടർന്ന് നടന്ന ആഘോഷമായ വി. കുർബാനയ്ക്ക് അഭിവന്ദ്യ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വി. കുർബാനയ്ക്കുശേഷം വിവിധമത്സരങ്ങളിൽ വിജയികളായ സൺഡേ സ്കൂൾ കുട്ടികൾക്ക് പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് സ്നേഹവിരുന്ന് നടന്നു.

ഒക്ടോബർ 23 ഞായറാഴ്ച വൈകിട്ട് 4 മണിക്കു അംഗലേശ്വർ പള്ളിയങ്കണത്തിലെത്തിയ അഭിവന്ദ്യപിതാവിനെ വികാരി ഫാ. ജോസഫ് കല്ലാച്ചേരിലും ഇടവകാംഗങ്ങളും ചേർന്നു സ്വീകരിച്ചു. തുടർന്ന് അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് പിതാവ് അംഗലേശ്വർ ഇടവകയിലെ മൂന്നു ദിവസത്തെ വാർഷികധ്യാനത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. തുടർന്നു സ്നേഹവിരുന്നും നടന്നു.

**3. ജപമാലമാസാചരണം**

ജപമാലമാസത്തോടനുബന്ധിച്ച് ബറൂച്ച് പള്ളിയിലും അംഗലേശ്വർ പള്ളിയിലും ഒക്ടോബർ 21 മുതൽ 30 വരെ രാത്രി 8 മണിക്ക് പത്തു ദിവസത്തെ കൊന്തനമസ്കാരം നടത്തി.

ജപമാലമാസത്തോടനുബന്ധിച്ച് ആനന്ദിലും കരംസദിലും ഭവനങ്ങളിൽ പത്തു ദിവസംവീതം കൊന്തനമസ്കാരം നടത്തപ്പെട്ടു.

**4. ദിവ്യകാരുണ്യ കൺവൻഷൻ**

ബറോഡ സെന്റ് മേരീസ് ഇടവകയുടെ ആഭിമുഖ്യത്തിൽ റോസറി കത്തീഡ്രലിൽ വച്ച് ഒക്ടോബർ 24, 25 തീയതികളിൽ ദിവ്യകാരുണ്യ കൺവൻഷൻ നടത്തപെട്ടു. റവ. ഫാ. ജിസൺ പോൾ വേങ്ങശ്ശേരി കൺവൻഷൻ നയിച്ചു.

**5. വാർഷികധ്യാനം**

അംഗലേശ്വർ ഇടവകയിൽ ഒക്ടോബർ 23, 24, 25 തീയതികളിൽ വാർഷികധ്യാനം നടത്തപ്പെട്ടു.

**6. മാനേജ വി. അൽഫോസാമ്മയുടെ നാമധേയത്തിലുള്ള ദൈവാലയ നിർമ്മാണ പുരോഗതി**

ഒക്ടോബർ 22 ന് ഗ്രൗണ്ട് ഫ്ളോർ സ്ലാബ് ഭാഗികമായി വാർക്കുകയുണ്ടായി. പണി സുഗമമായി പുരോഗമിക്കുന്നു. ദീപാവലി അവധിക്കുശേഷം വീണ്ടും നിർമ്മാണജോലികൾ തുടരും. സാമ്പത്തികസഹായം ചെയ്ത പള്ളികളിലെ വികാരിയച്ചന്മാരോടും കൈക്കാരന്മാരോടും കമ്മിറ്റിയംഗങ്ങളോടും പ്രത്യേകം നന്ദി പറയുന്നു

1. St  George Lalam old Church - 3,18,800.00
2. Mar Sleeva Church, Kanjiramattom - 2,92, 540.00
3. St. Mary's Church, Kadaplamattom 3,33,550.00

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

## രൂപതാവാർത്തകൾ

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഒക്ടോബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ 2 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**2. രൂപതാകലോത്സവം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാകലോത്സവം ഒക്ടോബർ 8 ശനിയാഴ്ച പാലാ സെന്റ് തോമസ് സ്കൂളിൽവച്ചു നടന്നു. പാലാ കത്തീഡ്രൽ പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ കലോത്സവം ഉദ്ഘാടനം ചെയ്തു. മേഖലാതലത്തിൽ നടത്തിയ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ രൂപതാമത്സരത്തിൽ പങ്കെടുത്തു.

**3. അനുസ്മരണവും രൂപത മാനേജിംഗ് കമ്മിറ്റിയും**

ചെറുപുഷ്പമിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ, മുൻ രൂപത ഡയറക്ടർ ഫാ. അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും രൂപത മാനേജിംഗ് കമ്മിറ്റിയും ഒക്ടോബർ 16 ഞായറാഴ്ച വൈകുന്നേരം ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. സംഘടനയുടെ മുൻകാല ഭാരവാഹിയായ ശ്രീ തോമസ് നീലിയറ അനുസ്മരണപ്രഭാഷണം നടത്തി. തുടർന്നു നടന്ന മാനേജിംഗ് കമ്മിറ്റിയിൽ രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റിയംഗങ്ങളും രൂപതാഭാരവാഹികളും പങ്കെടുത്തു.

**4. സംസ്ഥാന കലോത്സവം**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന മിഷൻ കലോത്സവം ഒക്ടോബർ 24 തിങ്കളാഴ്ച താമരശ്ശേരി രൂപതയിലെ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ വച്ചു നടന്നു. കലാമത്സരത്തിൽ രണ്ടാം സ്ഥാനവും സാഹിത്യമത്സരത്തിൽ മൂന്നാം സ്ഥാനവും നേടി പാലാ രൂപത ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. രൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാന സാഹിത്യ, കലാമത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരായവർ :-

**ഒന്നാം സ്ഥാനം നേടിയവർ**

1. സാന്ദ്ര ഷാജി, രാമപുരം. (സീനിയർ ഗേൾസ് - കവിതാരചന)
2. ലൂസിയമ്മ ജോർജ്, വടക്കേ തകിടിയേൽ, പറത്താനം (സൂപ്പർ സീനിയർ വുമൺ - ഉപന്യാസരചന)

3. ജോസീന ക്രിസ്‌ലിൻ ബാബു, കാനാട്ട്, തിടനാട്
(സീനിയർ ഗേൾസ് - പ്രസംഗം)

4. മിലൻ ബിജു, മനയ്ക്കത്തടത്തിൽ, വലവൂർ
(സബ് ജൂനിയർ ബോയ്സ് - ബൈബിൾ വായന)

5. അമലു അഗസ്റ്റിൻ, ഏരിമറ്റത്തിൽ, രാമപുരം
(സൂപ്പർ സീനിയർ വുമൺ - മിഷൻ ക്വിസ്)

6. ലിഡിയ സണ്ണി, മണലേപ്പറമ്പിൽ, വലവൂർ (ജൂനിയർ ഗേൾസ് - മിഷൻക്വിസ്)

7. സഞ്ജയ് വി. ഐസൻ, വഞ്ചിപ്പുരയ്ക്കൽ, അരുണാപുരം
(ജൂനിയർ ബോയ്സ് - ലളിതഗാനം)

8. അലന്യ സെബാസ്റ്റ്യൻ, പുതുപ്പറമ്പിൽ, രാമപുരം
(ജൂനിയർ ഗേൾസ് - ലളിതഗാനം)

**രണ്ടാം സ്ഥാനം നേടിയവർ**

1. അരുൺ ഫ്രാൻസിസ്, പുലവേലിൽ, ജയ്ഗിരി
(സൂപ്പർ സീനിയർ മെൻ - കഥാരചന)

2. ദിയ മാത്യു, കാവിപ്പറമ്പിൽ, തീക്കോയി (ജൂനിയർ ഗേൾസ് - കവിതാരചന)

3. ആൽബർട്ട്, ഗാഗുൽത്താ - മറ്റത്തിപ്പാറ (ജൂനിയർ ബോയ്സ് - ഉപന്യാസരചന)

4. എലിസബത്ത് തോമസ്, പാഴുക്കുന്നേൽ, പാലാ കത്തീഡ്രൽ
(സീനിയർ ഗേൾസ് - ഉപന്യാസരചന)

5. ജിയാന്ന മരിയ റോണി, കുളത്തിനാൽ, അറക്കുളം ന്യൂ
(സബ് ജൂനിയർ ഗേൾസ് - ബൈബിൾ വായന)

6. അന്നു മാത്യൂസ്, കല്ലറയ്ക്കൽ, മുണ്ടാങ്കൽ (സീനിയർ ഗേൾസ് - മിഷൻക്വിസ്)

7. ലിയോ ജോസ് മധു, ആഴത്ത്, അരുവിത്തുറ (ജൂനിയർ ബോയ്സ് - മിഷൻക്വിസ്)

8. അമൽ സിബി, മഞ്ചാടിപ്പറമ്പിൽ, പൂവരണി (സീനിയർ ബോയ്സ് - ലളിതഗാനം)

**മൂന്നാം സ്ഥാനം നേടിയവർ**

1. മരിയ സാവ്യോ, കുര്യനാട്- കുറവിലങ്ങാട് (സീനിയർ ഗേൾസ് - കഥാരചന)

2. സിനി ആൽബി, വെമ്പിൽ, ചെമ്മലമറ്റം (സൂപ്പർ സീനിയർ ഗേൾസ് - കഥാരചന)

3. ആൽബിൻ ജോബി, ഇലഞ്ഞിമറ്റത്തിൽ, മേലുകാവുമറ്റം
(സീനിയർ ബോയ്സ് - ഉപന്യാസരചന)

4. ലിജോ ജോർജ്, മുക്കത്ത്, കുറവിലങ്ങാട്
(സൂപ്പർ സീനിയർ മെൻ - ഉപന്യാസരചന)

5. സേറ സിജു, തുണ്ടത്തിൽ, കുളമാവ് (സബ് ജൂനിയർ ഗേൾസ് - പ്രസംഗം)

6. മാത്യു പോൾ, കുറവിലങ്ങാട് (ജൂനിയർ ബോയ്സ് - മിഷൻക്വിസ്)

7. അനന്യ മരിയ മാത്യു, തെക്കേചാവേലിൽ, ചേർപ്പുങ്കൽ
(സബ്ജൂനിയർ ഗേൾസ് - ലളിതഗാനം)

8. ആൻസൻ ബിനോയി, മാൻവെട്ടം (ജൂനിയർ ബോയ്സ് - ലളിതഗാനം).

വിജയികൾക്ക് അഭിനന്ദനങ്ങൾ.

**5. സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ഒക്ടോബർ മാസത്തിലെ സെക്രട്ടേറിയറ്റ് യോഗങ്ങൾ 1, 15 തീയതികളിൽ നടന്നു.

**6. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ഒക്ടോബർ മാസവും PDF രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**1. അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 2 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**മുൻകാല ഭാരവാഹികളുടെ സംഗമം**

ചെറുപുഷപമിഷൻലീഗ് അരുവിത്തുറ മേഖലയിലെ മുൻകാലഭാരവാഹികളുടെ സംഗമം ഒക്ടോബർ 23 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടത്തി.

**2. കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ 2 ഞായറാഴ്ച നടന്നു.

**3. രാമപുരം മേഖല**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 2 ഞായറാഴ്ച നടന്നു.

**പ്ലാറ്റിനം ജൂബിലി സമാപനം**

ചെറുപുഷ്പ മിഷൻലീഗ് രാമപുരം മേഖല പ്ലാറ്റിനം ജൂബിലി സമാപനം ഒക്ടോബർ 9 ഞായറാഴ്ച രാമപുരം സെന്റ് അഗസ്റ്റിൻ പള്ളിയിൽ വച്ചു നടന്നു.

**4. കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 1 ശനിയാഴ്ച നടന്നു.

**5. പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 2 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**പ്ലാറ്റിനം ജൂബിലി സമാപനം**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലാതല പ്ലാറ്റിനം ജൂബിലി സമാപനം ഒക്ടോബർ 9 ഞായറാഴ്ച പ്രവിത്താനം സെന്റ് അഗസ്റ്റിൻ ഫൊറോനാ ദേവാലയത്തിൽ വെച്ചു നടന്നു.

**6. ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 1 ശനിയാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**7. തുടങ്ങനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 1 ശനിയാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. കൈയെഴുത്തു മാസികാമത്സരം**

സാഹിത്യരചനാമത്സരങ്ങളുടെ ഭാഗമായി നടത്തിയ കൈയെഴുത്തു മാസികാ മത്സരം ഒക്ടോബർ ഒന്നിനു പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽവച്ചു നടത്തപ്പെട്ടു. മത്സരത്തിൽ മൂന്നു വിഭാഗങ്ങളിൽനിന്നുമായി 18 ടീമുകൾ പങ്കെടുത്തു. വിജയിച്ച സ്കൂളുകളുടെ പേരുകൾ താഴെക്കൊടുക്കുന്നു.

**എച്ച്.എസ്.എസ്**

ഫസ്റ്റ് : സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്, രാമപുരം
സെക്കന്റ് : സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശ്ശനാൽ
തേർഡ് : സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം

**എച്ച്.എസ്**

ഫസ്റ്റ് : എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കന്റ് : സെന്റ് തോമസ് എച്ച്.എസ് തുടങ്ങനാട്
തേർഡ് : എസ്.എച്ച്.ജി.എച്ച്. എസ് രാമപുരം

**യു.പി**

ഫസ്റ്റ് : എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കന്റ് : എസ്.എച്ച്.ജി.എച്ച്.എസ്, ഭരണങ്ങാനം
തേർഡ് : സെന്റ് ജോൺ എൻ.എച്ച്.എസ്.എസ്, കൊഴുവനാൽ

**2. സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ**

ഈ വർഷത്തെ സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ ഒക്ടോബർ 8 ശനിയാഴ്ച തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് 85 കുട്ടികൾ വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്തു.

**3. സമ്മാനവിതരണം നടത്തി**

ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി സ്കൂൾ തലത്തിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം നടത്തി. രൂപതാ തലത്തിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരത്തിന്റെ സമ്മാനവിതരണവും നടത്തി.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 17-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ 5.00 മണിവരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ നവംബർ 12 -ാം തീയതി നടത്തേണ്ട കലോത്സവത്തെക്കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു. ഗൂഗിൾഫോംവഴിയാണ് ഓരോ സ്കൂളുകളും രജിസ്ട്രേഷൻ നടത്തേണ്ടത്. നവംബർ 12 ശനിയാഴ്ച പാലാ അൽഫോൻസാ കോളേജിൽ വച്ച് രാവിലെ 10 മണിമുതലാണ് മത്സരങ്ങൾ ആരംഭിക്കുന്നത്. ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരുംതന്നെ സന്നിഹിതരായിരുന്നു.

**5. യാത്രയയപ്പു സമ്മേളനം**

ആറുമാസക്കാലമായി കെ.സി.എസ്.എൽ നുവേണ്ടി നിസ്വാർത്ഥ സേവനം ചെയ്ത ബ്രദർ ജോ ജോസഫ് ചിങ്ങംതോട്ടത്തിലിന് ഒക്ടോബർ 17 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ 5.00 മണിവരെ കെ.സി.എസ്.എൽ. ടീച്ചേഴ്സ്, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ സ്നേഹപൂർവ്വം യാത്രയയപ്പു നൽകി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ പ്രസിഡന്റ് ജിജോ മാത്യു, ജനറൽ ഓർഗനൈസർ എബി ജോസ്, എക്സിക്യൂട്ടീവംഗം പ്രിറ്റി അഗസ്റ്റിൻ, ചെയർമാൻ ലിയോ സ്റ്റീഫൻ എന്നിവർ ആശംസകൾപ്പിച്ച് സംസാരിച്ചു. വിൻസെന്റച്ചൻ, ബ്രദർ ചെയ്ത സേവനങ്ങൾക്കു പ്രത്യേകം നന്ദി അറിയിക്കുകയും നല്ലൊരു വൈദികനാകട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. ബ്രദർ ജോ ജോസഫ് ചിങ്ങംതോട്ടത്തിൽ എല്ലാ ടീച്ചേഴ്സിനും നന്ദി പറയുകയും തുടർന്നും കെ.സി.എസ്.എൽ നെ എല്ലാ കാര്യത്തിലും സഹായിക്കാൻ സന്നദ്ധനാണെന്ന് മറുപടി പ്രസംഗത്തിൽ അറിയിക്കുകയും ചെയ്തു. സ്നേഹവിരുന്നിനുശേഷം 5 മണിക്ക് മീറ്റിംഗ് അവസാനിച്ചു.

**6. ധ്യാനം നടത്തി**

ഒക്ടോബർ 3,4,5 തീയതികളിൽ ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിൽവച്ച് കെ.സി.എസ്.എൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി ധ്യാനം നടത്തി. ഡോ. ബ്രിജിത്ത്, ജോസ് മാത്യൂ, സുനു പുള്ളിക്കാട്ടിൽ തുടങ്ങിയവർ സഹായിച്ചു.

ഒക്ടോബർ ആറാം തീയതി മൂലമറ്റം സെന്റ് ജോർജ്ജ് യു.പി സ്കൂളിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ധ്യാനം നടത്തി.

ഒക്ടോബർ 20-ാം തീയതി അരുവിത്തുറ സെന്റ് അൽഫോൻസാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽവച്ച്, പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ജീവദർശൻ ക്യാമ്പ് കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു.

**7. സ്വാഗതം ചെയ്തു**

കെ.സി.എസ്.എൽ. ഓഫീസിൽ പുതിയ റീജന്റ് ആയി സ്ഥാനമേറ്റ ബ്രദർ ഫ്രാൻസീസ് കൊച്ചിലാത്തിനെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കെ.സി.എസ്.എൽ കുടുംബത്തിലേക്കു ഹാർദ്ദവമായി സ്വാഗതം ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ ഒന്നിന് ഓഫീസിൽവച്ചു നടത്തപ്പെട്ടു. ഒക്ടോബർ മാസപ്രവർത്തനങ്ങളെക്കുറിച്ച് മീറ്റിംഗിൽ ചർച്ച ചെയ്തു.

**2. BESUCH 2022**

എസ്.എം.വൈ.എം. സംസ്ഥാനസമിതി ഒക്ടോബർ ഒന്നിന് എസ്.എം.വൈ.എം. പാലാ രൂപതാസമിതിയെ സന്ദർശിച്ചു. മീറ്റിംഗിൽ എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, വൈസ് പ്രസിഡന്റ് അമലു, ജനറൽ സെക്രട്ടറി സാം സണ്ണി, ജോയിൻ സെക്രട്ടറി ഗ്രീഷ്മ, കൗൺസിലർ അഡ്വ. സാം സണ്ണി, ട്രഷറർ തുടങ്ങിയവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

**3. 'സഹൃദയ 2K22' കലോത്സവം**

എസ്.വൈ.എം. പാലാ രൂപതയുടെ രൂപതാകലോത്സവം 'സഹൃദയ 2K22 ' ഒക്ടോബർ രണ്ടിന് പാലാ സെന്റ് തോമസ് കോളേജിൽ വച്ചു നടത്തപ്പെട്ടു. പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജെയിംസ് മംഗലത്ത് ഉദ്ഘാടനകർമ്മം നിർവഹിച്ചു. 14 മത്സരയിനങ്ങളിലായി മൂവായിരത്തിലധികം യുവജനങ്ങൾ കലോത്സവത്തിൽ പങ്കെടുത്തു. കുറവിലങ്ങാട്, കാഞ്ഞിരമറ്റം, ഭരണങ്ങാനം എന്നീ യൂണിറ്റുകൾ യഥാക്രമം ഓവറോൾ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. അമൽ സിബി പൂവരണി കലാപ്രതിഭയായും അഡ്വ. സാന്ദ്രാ റോയി അരുവിത്തുറ കലാതിലകമായും തിരഞ്ഞെടുക്കപ്പെട്ടു.

**4. കാർലോസ് കാരാവാൻ**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഹ്വാനമനുസരിച്ചു നടത്തിവരുന്ന കാർലോസ് കാരാവാൻ പ്രോഗ്രാമിന് ഒക്ടോബർ 13 ന് പൂഞ്ഞാർ ഫൊറോനയും ഒക്റ്റോബർ 19 ന് തുടങ്ങനാട് ഫൊറോനയും ആതിഥേയരായി.

**5. കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ പങ്കാളിയായി പാലാ രൂപതയും**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ സ്നേഹപൂർവ്വം പദ്ധതിയായ പൊതിച്ചോറ് വിതരണത്തിൽ പങ്കാളിയായി പാലാ രൂപതയും. പദ്ധതിയുടെ ഭാഗമായി പാലാ ജനറൽ ആശുപത്രിയിൽ പൊതിച്ചോറ് വിതരണം നടത്തി. 'സ്നേഹപൂർവ്വം കെ.സി.വൈ.എം.' എന്ന പരിപാടി തുടർന്നുപോകാൻ ആലോ

ചനയുണ്ടെന്നും സംഘാടകർ അറിയിച്ചു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി, എസ്.എം.വൈ.എം ജോയിൻ ഡയറക്ടർ സിസ്റ്റർ ജോസ്മിത എസ്എംഎസ്, രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, സെക്രട്ടറി ടോണി കവിയിൽ, വിശ്വാസയാത്ര ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ബാബു, രൂപതാ സമിതിയംഗം സാവിയോ, മുൻസമിതിയംഗം ജോബി കുപ്പത്താനം തുടങ്ങിയവർ നേതൃത്വം നൽകി.

**6. ഉത്സവ് 2022 – കെ.സി.വൈ.എം സംസ്ഥാന കലോത്സവം**

കെ.സി.വൈ.എം. സംസ്ഥാനസമിതി നടത്തിയ 'ഉത്സവ് 2022' കലോത്സവ ത്തിനു പങ്കാളിയായി പാലാരൂപതയും. ഒക്ടോബർ രണ്ടിന് നടന്ന രചനാമത്സര ത്തിൽ അനുപ്രിയ ജോജോയ്ക്ക് കവിതാരചനയിൽ ഒന്നാംസ്ഥാനവും, പത്ര വാർത്ത രചനയിൽ രണ്ടാം സ്ഥാനവും, റോബിൻ ടി ജോസിനു ഉപന്യാസരചന യിൽ മൂന്നാം സ്ഥാനവും നേടാൻ സാധിച്ചു.

ഒക്ടോബർ 4,5 ദിവസങ്ങളിലായി ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന കലാമത്സരങ്ങളിൽ ലളിതഗാനത്തിൽ ബിറ്റി ബാബു ഒന്നാം സ്ഥാനവും, മിമിക്രിയിൽ അമൽ സിബി ഒന്നാം സ്ഥാനവും, നാടോടി നൃത്തത്തിൽ സ്റ്റെഫി മൂന്നാം സ്ഥാനവും, സ്പോട്ട് കൊറിയോഗ്രാഫി മത്സരത്തിൽ അലീന ബിജു മൂന്നാം സ്ഥാനവും, മാർഗംകളിയിൽ രാമപുരം യൂണിറ്റ് ഒന്നാം സ്ഥാനവും, പരിചമുട്ടു കളിയിൽ കുറവിലങ്ങാട് യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കലാ, രചനാമത്സരങ്ങളിൽ പങ്കെടുത്തവർ എല്ലാവരും വിവിധ ഗ്രേഡുകളും കരസ്ഥമാക്കി.

**'ഉത്സവ് 2022'**

കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിനു പാലാ രൂപത ഓവറോൾ ഒമ്പതാം സ്ഥാനവും കൈവരിച്ചു.

**7. യാത്രയയപ്പ്**

ആറുമാസക്കാലം രൂപത എസ്.എം.വൈ.എംയ റീജന്റായി സേവനം ചെയ്ത ബ്രദർ ജെയിംസ് മേൽവെട്ടത്തിന് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ ഒക്ടോബർ പതിനഞ്ചാം തീയതി നൽകി.

**8. തുടർച്ചയായ ക്രൈസ്തവ അവഹേളനം അപലപനീയം: എസ്.എം.വൈ.എം. പാലാ**

സന്ന്യസ്തർക്ക് എതിരേ തുടർച്ചയായി ഫേസ്ബുക്കിലൂടെ ഉള്ള പരാമർശ ത്തിനെതിരേ എസ്.എം.വൈ.എം. പാലാ രൂപത പ്രതിഷേധം രേഖപ്പെടുത്തി. ഇടതുപക്ഷനേതാക്കളുടെ തുടർച്ചയായിട്ടുള്ള അവഹേളനം നിരാശജനകമാണ്. വിഴിഞ്ഞം സമരത്തിന്റെ പശ്ചാത്തലത്തിൽ അതിനു നേതൃത്വം കൊടുക്കുന്ന വൈദികരെ അവഹേളിക്കുന്ന രീതിയിലുള്ള വിവിധ സംഘടനകളുടെ പ്രചാരണ ത്തിനെതിരേയും യോഗത്തിൽ പ്രതിഷേധിച്ചു. തുടർച്ചയായി നടത്തപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾ സംഘടിത നീക്കമാണെന്നും ക്രൈസ്തവരെ മനഃപൂർവം അപമാനിക്കുന്നതിനു വേണ്ടിയാണെന്നും യോഗം അഭിപ്രായപ്പെട്ടു.

എസ്.എം.വൈ.എം രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര യോഗത്തിന് അധ്യക്ഷത വഹിച്ചു.

**9. എന്റെ കുടുംബം പ്രോഗ്രാം**

ഒക്ടോബർ 15 ന് മുട്ടുചിറ ഫൊറോനയിൽ വച്ചുനടന്ന എന്റെ കുടുംബം പ്രോഗ്രാമിൽ ഡയറക്ടർ അച്ചൻ സംബന്ധിക്കുകയും മാതാപിതാക്കളുമായും യുവജനങ്ങളുമായും സംവദിക്കുകയും ചെയ്തു.

**10. സ്വാഗതം**

പാലാ രൂപത എസ്.എം.വൈ.എം. റീജന്റായി നിയമിതനായ ബ്രദർ കുര്യൻ വലിയപ്ലാക്കിലിനു സ്വീകരണം നൽകി.

**11. CAMINEMOS 2022 State Youth Meet**

എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ അഭിമുഖ്യത്തിൽ സംഘടനയുടെ സ്വർഗ്ഗീയമധ്യസ്ഥനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുനാളിനോടനുബന്ധിച്ച് സംസ്ഥാനതല യുവജനസംഗമം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 23-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സെന്റ് തോമസ് പള്ളിയിൽവച്ചു നടത്തപ്പെട്ടു. എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് വൈശാഖ് താമരശ്ശേരി അധ്യക്ഷത വഹിച്ച യോഗം പാലാ രൂപത അദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. മന്ത്രി റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണവും യുവജന കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരി അനുഗ്രഹപ്രഭാഷണവും നടത്തി. സംസ്ഥാന, രൂപതാ ഭാരവാഹികൾ പരിപാടിക്കു നേതൃത്വം നൽകി.

**12. ഇലക്ഷൻ വിജ്ഞാപനം**

A. യൂണിറ്റ് തിരഞ്ഞെടുപ്പ്, യൂണിറ്റ് രജിസ്ട്രേഷൻ, മികച്ച പ്രവർത്തകൻ/ പ്രവർത്തക (എസ്തേർ/ ദാനിയൽ) അവാർഡ് എന്നിവ സമർപ്പിക്കാനുള്ള അവസാന തിയതി നവംബർ 30.

B. ഫോറോന തിരത്തെടുപ്പ്, മൂല്യനിർണയം കഴിഞ്ഞ യൂണിറ്റ് റിപ്പോർട്ടുകൾ രൂപതയിൽ സമർപ്പിക്കാനുള്ള അവസാനതീയതി ഡിസംബർ 15.

C. രൂപത തിരഞ്ഞെടുപ്പ് ജനുവരി 02 (കൂടുതൽ വിവരങ്ങൾ വാട്ട്സ് അപ്പ് വഴി അറിയിക്കും).

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**1. നൈറ്റ് വിജിൽ**

ഒക്ടോബർ മാസത്തെ നൈറ്റ് വിജിൽ അരുണാപുരം പള്ളിയിൽ വച്ച് ഒക്ടോബർ 7 ന് നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, ആശിഷ് ജോസ്, ടോണി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

**2. പാരിഷ് കോൺഫ്രൻസ്**

ഒക്ടോബർ ഒന്നുമുതൽ നാലുവരെ ആലപ്പുഴയിലെ മാരാരിക്കുളം ഇടവകയിൽ വച്ചു നടന്ന പാരിഷ് കോൺഫറൻസിൽ പാലാ സോണിൽനിന്ന് 71 പേർ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ CMC, ഫാ. ടോണി ചൊവ്വേലിക്കുടിയിൽ, അമല ട്രീസ ജെയിംസ്, മാർട്ടിൻ സജി, ആൽബിൻ ജിജോ, ആഗ്നസ് ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഹൗസ് ഹോൾഡ്**

ഒക്ടോബർ മാസത്തെ അരുവിത്തുറ ഹൗസ് ഹോൾഡ് 8 നും കുറവിലങ്ങാട് ഹൗസ് ഹോൾഡ് 16 നും പാലാ ഹൗസ് ഹോൾഡ് 30 നും നടത്തപ്പെട്ടു.

**4. ടീൻസ് ഡേ സെലിബ്രേഷൻ**

ഒക്ടോബർ അഞ്ചിന് സെന്റ് തോമസ് ബി.എഡ് കോളേജിൽ വച്ച് ടീൻസ് ഡേ സെലിബ്രേഷൻ നടത്തപ്പെട്ടു. celebrate people എന്നതായിരുന്നു ഈ വർഷത്തെ തീം. അഖിൽ സെബാസ്റ്റ്യൻ, ആനി ജോഷി, എബിൻ ജോസ് തുടങ്ങിയവർ നേതൃത്വം നൽകിയ പ്രോഗ്രാമിൽ തെരേസ് ജോസഫ് ക്ലാസെടുത്തു.

**5. KADOSH '22**

പാലാ സെന്റ് തോമസ് കോളേജ് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഏകദിനധ്യാനം KADOSH നടത്തപ്പെട്ടു. അൻവിൻ ജോൺസൺ, ഷിബ്രീസ്, തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, സുബിൻ ജോസ്, കിരൺ മരിയ, നവീൻ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**6. അജ്ന- short film**

ജീസസ് യൂത്ത് ആയി ഈശോയോടു ചേർന്ന് മാതൃകാപരവും വെല്ലുവിളി നിറഞ്ഞതുമായ ജീവിതത്തിലൂടെ ക്യാൻസർ ബാധിതയായി നമ്മിൽനിന്ന് ഈശോയിലേക്കു മടങ്ങിയ അജ്ന എന്ന പെൺകുട്ടിയുടെ ജീവിതത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പാലാ സോൺ ജീസസ് യൂത്ത് 'അജ്ന' എന്ന ഷോർട്ട് ഫിലിം പുറത്തിറക്കി. ഡോൺ ജോസഫ് ആണ് ചിത്രം സംവിധാനം ചെയ്തത്. ഒക്ടോബർ 3 ന് ജീസസ് യൂത്ത് പാലാ എന്ന യൂട്യൂബ് പേജിൽ റീലിസ് ചെയ്ത ഷോർട്ട് ഫിലിം ഇതിനോടകം 24000 ലധികം പേരാണ് കണ്ടത്.

**7. യുവജന ധ്യാനം വെരിത്താസ് '22**

പാലാ രൂപത ജീസസ് യൂത്ത് എല്ലാ വർഷവും നടത്തിയിരുന്ന യുവജനധ്യാനം വേരിത്താസ് ഈ വർഷം ഒക്ടോബർ 21 മുതൽ 24 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ചു നടത്തപ്പെട്ടു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് മണ്ണൂർ, ഫാ. തോമസ് കാത്തിരക്കോണം OFM, ഫാ. ജീൻസ് ചീങ്കല്ലേൽ, ഫാ. ജെയിംസ്, സണ്ണി തയ്യിൽ, നന്ദു ജോൺ, ഡോ. ആൻസി സെബാസ്റ്റ്യൻ, ജെറിൻ ജോസ്, ടിന്റു സോണി, റിച്ചി ജോസ്,

ആനി ജോഷി തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ജീസസ് യൂത്ത് ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ CMC, അമല ട്രീസാ ജെയിംസ്, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, സെബിൻ ജോ, സിജോ ജോസഫ്, ആൻ മരിയ, ശിൽപ്പ എലിസബത്ത് ജോയിച്ചൻ, ജെറിൻ തുടങ്ങിയവർ നേതൃത്വം നൽകി.

**8. കൗൺസിൽ മീറ്റിംഗ്**

ഒക്ടോബർ മാസത്തെ കൗൺസിൽ മീറ്റിംഗ് 29 ന് പാലാ കാർമൽ പബ്ലിക് സ്കൂളിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ CMC, അമല ട്രീസ ജെയിംസ്, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**കുടുംബക്കൂട്ടായ്മ റിപ്പോർട്ട് - ഒക്ടോബർ 22**

പാലാ രൂപത കുടുംബക്കൂട്ടായ്മ നേതൃയോഗം ഒക്ടോബർ നാലാം തീയതി രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയെത്തുടർന്ന് യോഗം ആരംഭിച്ചു. രൂപതാ ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അച്ചൻ യോഗത്തിന് അധ്യക്ഷത വഹിച്ചു. പുതിയതായി രൂപീകരിച്ച ജാഗ്രതാസമിതിയിൽ കുടുംബക്കൂട്ടായ്മാഭാരവാഹികൾ സജീവമായി പങ്കെടുക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. ഡിസംബർ 19 മുതൽ ആരംഭിക്കുന്ന പാലാ രൂപത ബൈബിൾ കൺവെൻഷനിൽ കുടുംബക്കൂട്ടായ്മാഭാരവാഹികളുടെ സഹകരണം ഉണ്ടാകണമെന്ന് ബഹു. ഡയറക്ടർ അച്ചൻ ഓർമിപ്പിച്ചു.

കുടുംബക്കൂട്ടായ്മ രജതജൂബിലി നവംബർ മാസത്തിൽ സമുചിതമായി ആഘോഷിക്കുവാൻ യോഗം തീരുമാനിച്ചു.

രൂപത കുടുംബക്കൂട്ടായ്മയുടെ ആദ്യകാലപ്രവർത്തകരെ ജൂബിലി സമ്മേളനത്തിൽവച്ച് ആദരിക്കുവാൻ തീരുമാനിച്ചു. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. അടുത്ത യോഗം ഒക്ടോബർ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

14/10/22 കുടുംബക്കൂട്ടായ്മയുടെ ഫൊറോനാ പ്രസിഡന്റുമാരുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ യോഗത്തിന് ആശംസകൾ അർപ്പിച്ചു. ബഹു.ഡയറക്ടർ അച്ചൻ ജൂബിലി സമ്മേളനത്തെപ്പറ്റി വിശദമായി സംസാരിച്ചു. നവംബർ ഇരുപത്തിയഞ്ചാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാലാ സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ചു രജതജൂബിലിസമ്മേളനം നടത്തുന്ന വിവരം ബഹു. ഡയറക്ടർ അച്ചൻ യോഗത്തെ അറിയിച്ചു. തുടർന്ന് വിവിധ കമ്മിറ്റി അംഗങ്ങൾ കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ ജൂബിലി സമ്മേളനത്തിനുവേണ്ട

ക്രമീകരണങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്തു. അടുത്ത നേതൃയോഗം നവംബർ മാസം ആദ്യവാരത്തിൽ നടത്തുവാൻ തീരുമാനിച്ചു. ചായസൽക്കാര ത്തോടെ 4.30 ന് യോഗം സമാപിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഒക്ടോബർ 3-5, ഒക്ടോബർ 24-26** എന്നീ തീയതികളിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 302 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**നവംബർ 7-9, നവംബർ 21-23, ഡിസംബർ 5-7, ഡിസംബർ 19-21** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ഒക്ടോബർ മാസത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 260 മാതാപിതാക്കന്മാർ സംബന്ധിച്ചു.

### 4. ഡയറക്ടേഴ്സ് മീറ്റ്

ഒക്ടോബർ 22-ാം തീയതി കാക്കനാട് വച്ച് ഫാമിലി അപ്പോസ്തലേറ്റ് മീറ്റിങ് നടത്തപ്പെട്ടു.

### 5. ഫൊറോനാസന്ദർശനങ്ങൾ

സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ മയക്കുമരുന്നു വിപത്തിനെതിരായും സഭാനവീകരണത്തിനായും രൂപീകരിക്കുന്ന ജാഗ്രതാസമിതിയുടെ പ്രവർത്തന ങ്ങൾ വിവരിക്കുന്നതിനായി ഡയറക്ടർ ഉൾപ്പെടെയുള്ള വൈദികരുടെ സംഘം ഫൊറോനാകേന്ദ്രങ്ങൾ സന്ദർശിച്ച് വൈദികരോടു സംസാരിച്ചു.

### 6. യാത്രയയപ്പു മംഗളങ്ങൾ

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസകാലം റീജന്റായി സേവനം ചെയ്ത ബ്രദർ ജോ ചിങ്ങാംതോട്ടത്തിലിന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

### 7. സ്വാഗതം

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ മാത്യു മണ്ണാറാത്തിനെ സ്വാഗതം ചെയ്തു.

## B. സന്തുഷ്ടകുടുംബപദ്ധതി

2000- മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടി കളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ

സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (ഒക്ടോബർ മാസത്തിലേത്) 5-ാം തീയതി Bank Transfer വഴി നല്കി.

## C. പിതൃവേദി

### 1. രൂപതാസമിതി

ഒക്ടോബർ 22-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു.

### 2. സെമിനാർ

ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച വയല ഇടവകയിൽ പിതൃവേദിയുടെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ചു.

### 3. കുഞ്ഞച്ചൻ തീർത്ഥാടനം

ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച രാമപുരത്തുവച്ച് മാതൃ-പിതൃവേദിയുടെ സംയുക്താഭിമുഖ്യത്തിൽ കുഞ്ഞച്ചൻ തീർത്ഥാടനം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നല്കി. രാമപുരം വികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. തീർത്ഥാടനത്തിൽ 1500 ഓളം മാതൃ - പിതൃ അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

### 4. പുതിയ യൂണിറ്റ്

ഒക്ടോബർ 2-ാം തീയതി നമ്പ്യാകുളം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. വൈസ് പ്രസിഡന്റ് പോൾ മാൻവെട്ടം സംബന്ധിച്ചു. ഒക്ടോബർ 23-ാം തീയതി മാന്നാർ ഇടവകയിലും ഒക്ടോബർ 30 കുളമാവ് ഇടവകയിലും യൂണിറ്റുകൾ രൂപീകരിച്ചു. രണ്ടു സമ്മേളനങ്ങളിലും ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ചു.

### 5. സെമിനാർ

ഒക്ടോബർ 2-ാം തീയതി 11 മണിക്ക് വെള്ളികുളം ഇടവകയിൽ ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു.

### 6. യൂണിറ്റ് വാർഷികം

മാൻവെട്ടം ഇടവകയിലെ പിതൃവേദിയുടെ യൂണിറ്റ് വാർഷികം ഒക്ടോബർ 2-ാം തീയതി വൈകുന്നേരം 6 മണിക്ക് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ജോസ് കുറ്റിയാങ്കലും രൂപത പ്രസിഡന്റ് ശ്രീ ജോസ് വടക്കേലും സന്നിഹിതരായിരുന്നു.

### 7. ആദരിക്കൽ

ഒക്ടോബർ 2-ാം തീയതി പിതൃവേദിയുടെ ആഭിമുഖ്യത്തിൽ രാമപുരം ഇടവകയിലെ മികച്ച കർഷകനെ ആദരിച്ചു. രൂപത പ്രസിഡന്റ് ശ്രീ ജോസ് വടക്കേൽ ചടങ്ങിൽ സംബന്ധിച്ചു.

**8. യൂണിറ്റ് സമ്മേളനം**

ഒക്ടോബർ 2-ാം തീയതി കൂട്ടിക്കൽ ഇടവകയിൽ പിതൃവേദിയുടെ യൂണിറ്റ് സമ്മേളനം നടത്തപ്പെട്ടു. രൂപത സെക്രട്ടറി ശ്രീ ജോസ് മുത്തനാട്ട് പരിപാടിയിൽ പങ്കെടുത്തു.

## D. മാതൃവേദി

**1. രൂപത എക്സിക്യൂട്ടീവ്**

ഒക്ടോബർ 10-ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും തിരഞ്ഞെടുപ്പു നിയമങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

**2. സെമിനാർ**

ഒക്ടോബർ 15-ാം തീയതി ചക്കിക്കാവ് ഇടവകയിലും ഒക്ടോബർ 16-ാം തീയതി രാവിലെ 9.30 ന് വിളക്കുമാടം ഇടവകയിലും ഉച്ചകഴിഞ്ഞ് 3 മണിക്ക് വയല ഇടവകയിൽ ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു.

**3. തീർത്ഥാടനം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31-ാം തീയതി വിശുദ്ധ ദൈവസഹായത്തിന്റെ കബറിടത്തിലേക്കു തീർത്ഥാടനം നടത്തപ്പെട്ടു.

**4. തിരഞ്ഞെടുപ്പും രൂപതാവാർഷികവും**

മാതൃവേദിയുടെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 2022 ഡിസംബർ 31 ന് അവസാനിക്കുകയാണ്. 2023 ജനുവരി 1 ന് പുതിയ ഭരണസമിതി നിലവിൽ വരുന്നതിനായി യൂണിറ്റ്, മേഖല, രൂപത തലങ്ങളിൽ പുതിയ സമിതി ഒക്ടോബർ 31 ന് മുൻപായും മേഖലാതലത്തിലുള്ളവരെ നവംബർ 15 നു മുൻപായും പുതിയ ഭാരവാഹികളുടെ ലിസ്റ്റ് ഓഫീസിൽ എത്തിച്ചേരുകയും രൂപതാതലഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഡിസംബർ 10 ന് പൂർത്തിയാക്കി ജനുവരി 1 ന് പുതിയ ഭരണസമിതി നിലവിൽ വരുകയും ചെയ്യും. ഡിസംബർ 10-ാം തീയതി ശനിയാഴ്ചയാണ് മാതൃവേദിയുടെ രൂപതാവാർഷികവും പുതിയ രൂപതാസമിതിയുടെ തിരഞ്ഞെടുപ്പും നടക്കുന്നത്. ചൂണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിങ് കോളേജിന്റെ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണിക്കാണ് വാർഷികാഘോഷങ്ങൾ നടത്തപ്പെടുന്നത്. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വാർഷികത്തിൽ മുഖ്യാതിഥിയായി സംബന്ധിക്കുന്നതാണ്. വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനു ഭരണങ്ങാനത്തുനിന്നു ചൂണ്ടച്ചേരിയിലേക്കു വാഹനസൗകര്യം ക്രമീകരിക്കുന്നതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞാണ് പുതിയ രൂപതാതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടത്തപ്പെടുന്നത്.

## E. പ്രോലൈഫ് മീറ്റിങ്

ഒക്ടോബർ 23-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

### F. ഹോംമിഷൻ - ഭവനസന്ദർശനം

പാലാ SABS ക്രിസ്തുരാജ് പ്രോവിഷൻസിലെ പ്രോവിൻഷ്യൽ സുപ്പീരിയർ സി. മെറീന ഞാറക്കാട്ടിലിന്റെ നേതൃത്വത്തിൽ 40 സിസ്റ്റേഴ്സ് കാഞ്ഞിരമറ്റം ഇടവകയിലെ മുഴുവൻ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

### G. സീറോ മലബാർ പാലാ മാട്രിമണി

#### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപികപത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

#### 2. ഡയറക്ടറ്റേഴ്സ് മീറ്റിങ്

സെപ്റ്റംബർ 28-ാം തീയതി സീറോ മലബാർ മാട്രിമണിയുടെ കോർ കമ്മിറ്റി മീറ്റിങ് കാക്കനാട് വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ മീറ്റിങ്ങിൽ പങ്കെടുത്തു. പുതിയ മാട്രിമണി സൈറ്റ് ഇൻഫോ പാർക്ക് കൊരട്ടി ടീം വഴി നവീകരിക്കുന്നതിനെക്കുറിച്ചു ചർച്ച നടത്തി.

### H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 9496571321.

**I. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ **സ്ലീവാപുരം, മീനച്ചിൽ, കൂട്ടിക്കൽ** എന്നീ ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. രൂപതാ കമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് രൂപത കമ്മിറ്റി മീറ്റിംഗ് രാമപുരം പാരിഷ് ഹാളിൽവച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ജോസ് വട്ടുകുളം സ്വാഗതം ആശംസിച്ചു റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രഭാഷണം നടത്തി. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ കണക്ക് അവതരിപ്പിച്ചു. ടോമി കണ്ണീറ്റുമ്യാലിൽ അടുക്കളത്തോട്ടമത്സരത്തെക്കുറിച്ചു വിശദീകരിച്ചു. യൂത്ത്വിങ് കോർഡിനേറ്റർ എഡ്വിൻ പാമ്പാറ യൂത്ത് വിങ് പ്രവർത്തനങ്ങളെക്കുറിച്ചു വിശദീകരിച്ചു. വനിതാ വിങ് പ്രവർത്തനങ്ങളെക്കുറിച്ച് ആൻസമ്മ സാബു റിപ്പോർട്ടു നൽകി. കർഷകസമരത്തെക്കുറിച്ചു ചർച്ച നടന്നു. കുടുംബസംഗമം നടത്തുവാൻ തീരുമാനിച്ചു. സാബു പൂണ്ടിക്കുളം നന്ദി രേഖപ്പെടുത്തി.

**2. അടുക്കളത്തോട്ടമത്സരം 2022**

കുടുംബക്കൃഷി എന്ന ആശയം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി രൂപതയിലെ മുഴുവൻ ഇടവകകളെയും പങ്കെടുപ്പിച്ചുകൊണ്ട് അടുക്കളത്തോട്ടമത്സരം നടത്തുവാൻ തീരുമാനിച്ചു. ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ മത്സരാർത്ഥികൾക്കു സൗജന്യമായി വിതരണം ചെയ്തു.

രൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട നാലു സെന്ററുകളിലാണ് വിത്തുകൾ വിതരണം ചെയ്യുന്നത്. നവംബർ 6 ന് തീക്കോയി, നവംബർ 12 ന് ഭരണങ്ങാനം, നവംബർ 13 ന് ഇലഞ്ഞി, നവംബർ 20 ന് മുട്ടം, സിബിഗിരി എന്നിവിടങ്ങളിലാണ് വിത്തുവിതരണം നടക്കുക. യൂണിറ്റ് തലത്തിൽ ഫെബ്രുവരി 15,16 തീയതികളിലും രൂപതാതലത്തിൽ ഫെബ്രുവരി 21, 22, 23 തീയതികളിലും ജഡ്ജിങ് കമ്മിറ്റി തോട്ടങ്ങൾ സന്ദർശിച്ചു വിലയിരുത്തും. യൂണിറ്റ്, ഫൊറോന, രൂപതാതല വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകും. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ നേതൃത്വം നൽകും.

**3. യൂത്ത് – വനിതാ കോർഡിനേഷൻ കമ്മിറ്റി**

രൂപതാതല യൂത്ത് -വനിതാ കോർഡിനേറ്റർ കമ്മിറ്റിയുടെ മീറ്റിങ് പാലായിൽവച്ചു നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി അധ്യക്ഷത

വഹിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ രാജീവ് കൊച്ചുപറമ്പിൽ മുഖ്യാതിഥിയായിരുന്നു. രൂപതാ യൂത്ത് കോർഡിനേറ്റർ എഡ്വിൻ പാമ്പാറ, രൂപതാ വനിതാ കോർഡിനേറ്റർ ആൻസമ്മ സാബു, ബിബിൻ ചാമക്കാല, ജോമി പറപ്പള്ളി, ജിനു മുട്ടപ്പള്ളി, ജോബി കുപ്പത്താനം എന്നിവർ സംബന്ധിച്ചു. മയക്കുമരുന്നിനെതിരേ അവബോധ പരിപാടികൾ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. ജോസ് വട്ടുകുളം കൃതജ്ഞത രേഖപ്പെടുത്തി.

**4. കുറവിലങ്ങാട്**

പ്രസിഡന്റ് ബ്രൈഡ് ലൂക്കോസിന്റെ നേതൃത്വത്തിൽ കുറവിലങ്ങാട്ടുള്ള കുഞ്ഞച്ചൻ മിഷനറി അഗതിമന്ദിരം സന്ദർശിച്ചു. അന്തേവാസികൾക്ക് ആവശ്യമായ കട്ടിലുകൾ, മെത്തകൾ, തലയിണ, ബെഡ്ഷീറ്റുകൾ എന്നിവ രക്ഷാധികാരി റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ ഏറ്റുവാങ്ങി. രൂപതാ പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ നിധീരി പ്രോഗ്രാം കോർഡിനേറ്റർ ഡോ. വിൽസൺ കാനാട്ട് എന്നിവരുടെ സാന്നിധ്യത്തിൽ ഒരാഴ്ചത്തേക്കുള്ള ഭക്ഷണസാമഗ്രികൾ സംഭാവന നൽകി.

**5. അടിവാരം**

അടിവാരം യൂണിറ്റ് സമ്മേളനത്തിൽ രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ ഫ്രാൻസിസ് മാത്യു ചാമക്കാലായിൽ അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കടപ്ലാക്കൽ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. വിദേശയാത്രക്ക് ഒരുങ്ങുന്ന പ്രസിഡന്റിനു യോഗം യാത്രയയപ്പു നൽകി. ശ്രീ സണ്ണി വള്ളിയാംതടം പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

**6. ഗ്ലോബർ മീറ്റിങ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമ്മേളനം തായ്‌ലണ്ടിലെ ബാങ്കോക്കിൽ നടന്നു. മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം ബെന്നി കിണറ്റുകര, സെബാസ്റ്റ്യൻ കുന്നപ്പള്ളി എന്നിവർ പങ്കെടുത്തു. ജോസ് കെ. മാണി എം.പി, മോൻസ് ജോസഫ് എം.എൽ.എ., ശ്രീ ജോർജ് കുര്യൻ എന്നിവർ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്തു. നാല്പതിൽപരം രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തു.

**7. അനുശോചനം**

അന്തിനാട് യൂണിറ്റ് സെക്രട്ടറി ജോമോൻ പൂവത്തോലിന്റെ മാതാവിന്റെ നിര്യാണത്തിൽ രൂപതാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. രൂപതാ പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, ശ്രീ സാജു അലക്സ്, ടോമി കണ്ണീറ്റുമ്യാലിൽ, ജോസ് മലയിൽ, ബിനു വള്ളോംപുരയിടം എന്നിവർ അന്തിമോപചാരം അർപ്പിച്ചു. രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പ്രാർത്ഥനാശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ രൂപത കൂട്ടിക്കൽ മിഷൻ ഒന്നാംഘട്ടം 9 വീടുകളുടെ താക്കോൽദാനം നടത്തി**

പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കു സഹായഹസ്തമായി പാലാ രൂപത ആവിഷ്കരിച്ച 'കൂട്ടിക്കൽ മിഷൻ' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഭവനനിർമ്മാണപദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയായ 9 ഭവനങ്ങളുടെ താക്കോൽദാനവും സ്മരണാർഹനായ മാത്യു സ്കറിയ (രാജു) പൊട്ടംകുളം ദാനമായി നൽകിയ സ്ഥലത്തു നിർമ്മിക്കപ്പെടുന്ന എട്ടു വീടുകളുടെ ശിലാസ്ഥാപനവും കൂട്ടിക്കലിൽ വച്ച് പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. 29 പുതിയ വീടുകളുടെ നിർമാണവും 54 വീടുകൾക്ക് പുനർനിർമ്മാണസഹായവുമടക്കം 13 കുടുംബങ്ങൾക്കു വാസയോഗ്യമായ വീടുകൾ ഉറപ്പുവരുത്തുവാൻ പദ്ധതിവഴി സാധിച്ചു.

കൂട്ടിക്കൽ മിഷൻ ചീഫ് കോ ഓർഡിനേറ്റർ മോൺ. ജോസഫ് മലേപ്പറമ്പിൽ യോഗത്തിൽ അധ്യക്ഷത വഹിക്കും. അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. സജിമോൻ, നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, കുട്ടിക്കൽ ഫൊറോനാപള്ളി വികാരി ഫാ. ജോസഫ് മണ്ണനാൽ, ഏന്തയാർ പള്ളി വികാരി ഫാ. ജോർജ് ചൊള്ളനാൽ, ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, ഫാ. സിറിൽ തയ്യിൽ തുടങ്ങിയവർ പ്രസംഗിക്കും.

രണ്ടു കിടപ്പുമുറി, ഹാൾ, സിറ്റൗട്ട്, അടുക്കള, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളോടെ ടെയ്‌ലിട്ട 60 സ്ക്വയർ ഫീറ്റ് കോൺക്രീറ്റ് വീടുകളാണ് പുതിയതായി നിർമ്മിച്ചുനൽകുന്നത്. രൂപതയിലെ ഇടവകപ്പള്ളികൾ, കമില്യൻ സഭ എം.സി.ബി.എസ്, സി.എം.സി, എഫ്.സി.സി., എസ്.എ.ബി.എസ്., എസ്.എച്ച്, ഡി.എസ്.ടി തുടങ്ങിയ സന്ന്യാസിനീസമൂഹങ്ങൾ, വൊസാഡ് കുമളി, എ. സി.സി., വിൻസെന്റ് ഡി പോൾ സൊസൈറ്റി, മറ്റു ഭക്തസംഘടനകൾ, പ്രവാസി മലയാളി കൂട്ടായ്മ, വിവിധ സ്ഥാപനങ്ങൾ, അഭ്യുദയകാംക്ഷികൾ, എന്നിവരുടെ സാമ്പത്തികസഹായത്താലാണ് വീടുകളുടെ നിർമാണം നടന്നുവരുന്നത്.

പ്രളയവും ഉരുൾപൊട്ടലും കൂട്ടിക്കൽ, കാവാലി, വേലനിലം എന്നീ പ്രദേശങ്ങളിൽ കനത്ത നാശമാണു വരുത്തിയത്. പ്രകൃതിദുരന്തമുണ്ടായപ്പോൾ മുതൽ കൂട്ടിക്കൽ ഫൊറോനപ്പള്ളി കേന്ദ്രീകരിച്ച് പാലാ രൂപതയുടെ നേതൃത്വത്തിൽ വിപുലമായ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടന്നു. ഫൊറോനയിലെ വിവിധ ഇടവകകളിലെ സ്കൂളുകളിലും പാരിഷ് ഹാളിലുമായി ആയിരത്തിലധികം ആളുകൾക്ക് അടിയന്തരതാമസസൗകര്യം ഒരുക്കി അവശ്യവസ്തുക്കൾ വിതരണം ചെയ്തു. വിവിധ ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന നവീകരണപ്രവർത്തനങ്ങളിൽ ആയിരക്കണക്കിനാളുകൾ പങ്കാളികളായി.

കൂട്ടിക്കലിന്റെ പുനർജീവനപദ്ധതിയുടെ ആദ്യഘട്ടത്തിൽ ലക്ഷക്കണക്കിനു രൂപയുടെ ഗൃഹോപകരണങ്ങൾ, വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ വിതരണം ചെയ്തു. ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി യുടെ ആഭിമുഖ്യത്തിൽ സൗജന്യമായി മെഡിക്കൽ ക്യാമ്പുകളും സൗജന്യ കൊറോണ വാക്സിൻ വിതരണവും സംഘടിപ്പിച്ചു. നൂറു കുടുംബങ്ങൾക്ക് അടിയന്തരസഹായമായി പതിനായിരം രൂപവീതം വിതരണം ചെയ്തു. തങ്ങളുടെ പരിമിതമായ സമ്പാദ്യം നഷ്ടപ്പെട്ട പാവപ്പെട്ട കുടുംബങ്ങളിലെ പത്തു പെൺ കുട്ടികൾക്ക് വിവാഹസഹായമായി അൻപതിനായിരം രൂപ വീതവും 300 കുട്ടി കൾക്ക് പഠനോപകരണങ്ങൾ അടങ്ങിയ കിറ്റുകളും വിതരണം ചെയ്തു. പ്രളയ ത്തിൽ വലിയ കേടുപാടുകൾ സംഭവിച്ച 5 വീടുകൾ വാസയോഗ്യമാക്കുവാൻ 50000 മുതൽ 4 ലക്ഷം രൂപ വരെ ഓരോ വീടിനും ചെലവഴിച്ചു പുനർനിർമാണം നടത്തി. 8 ലക്ഷത്തിലധികം രൂപ ചെലവഴിച്ചാണ് പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നത്. ആദ്യഘട്ടമായി നിർമ്മാണം പൂർത്തിയായ 9 വീടുകളുടെ താക്കോൽ ദാനവും മൂന്നാംഘട്ടമായി പണിയുന്ന എട്ടു വീടുകളുടെ ശിലാസ്ഥാപനകർമ്മവും നടന്നു. രണ്ടാംഘട്ട വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

**2. ശീതകാല പച്ചക്കറികൃഷി സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കൃഷിവിജ്ഞാനകേന്ദ്രം കോട്ട യത്തിന്റെ ആഭിമുഖ്യത്തിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ചു ശീതകാല പച്ചക്കറികൃഷി സൗജന്യപരിശീലനം സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ നടന്ന പരിശീ ലനത്തിന് കുമരകം കൃഷിവിജ്ഞാനകേന്ദ്രം അസി. പ്രൊഫസർ മാനുവൽ അലക്സ് ക്ലാസ് നയിച്ചു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പി.വി. ജോർജ് തുട ങ്ങിയവർ പ്രസംഗിച്ചു.

**3. ശീതകാല പച്ചക്കറിത്തൈവിതരണം ആരംഭിച്ചു.**

അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ചു ശീതകാല പച്ചക്കറിത്തൈവിത രണം ആരംഭിച്ചു. കാബേജ്, കോളിഫ്ളവർ, ലെച്ചൂസ്, ബ്രോക്കോളി, തക്കാളി, കാപ്സിക്കം, ബഞ്ചി, സെലറി, പാവൽ, വള്ളിപ്പയർ, വെണ്ട, വഴുതിന, കുക്കു മ്പർ തുടങ്ങിയ തൈകളാണ് വിതരണം ചെയ്യുന്നത്.

**4. വിഷരഹിത മത്സ്യവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, ആലപ്പുഴ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ ആലപ്പുഴ ഹാർബ റിൽനിന്നു നേരിട്ടു വിഷരഹിതമത്സ്യം എത്തിച്ചു വിതരണം ചെയ്യുന്നു. വള്ളത്തിൽ പിടിക്കുന്ന ചെറുമത്സ്യങ്ങളായ മത്തി, അയല, കൊഴുവ, കിളി തുടങ്ങിയ മത്സ്യ ങ്ങളാണു വിതരണം ചെയ്തുവരുന്നത്. എല്ലാ വെള്ളിയാഴ്ചയുമാണ് മത്സ്യവി തരണം നടക്കുന്നത്. ബുക്കു ചെയ്യുന്ന സ്ഥലങ്ങളിൽ മത്സ്യങ്ങൾ എത്തിച്ചു നൽകുന്നു. ഓരോ ദിവസവും പിടിക്കുന്ന വിഷരഹിത ഫ്രഷ് മത്സ്യങ്ങളാണ് വിതരണം ചെയ്യുന്നത്.

**5. കേരള വനിതാവികസന കോർപ്പറേഷൻ ലോൺ മേള നടത്തി**

കേരളാ വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വനിതകൾക്കു കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാകുന്ന സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവനനിർമാണം എന്നിവയ്ക്കുള്ള വായ്പകളെക്കുറിച്ചു സെമിനാറും ലോൺ അപേക്ഷ സ്വീകരിക്കലും പുതിയ ലോൺ വിതരണവും നടന്നു. പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ നടന്ന പ്രോഗ്രാമിന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നേതൃത്വം നൽകി. വനിതാവികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി ഉദ്ഘാടനം ചെയ്തു. വനിതാവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ബിന്ദു വി.സി. യോഗത്തിന് അധ്യക്ഷത വഹിച്ചു.

**6. സോൺ വാർഷികം**

തുടങ്ങനാട് സോൺ വാർഷികം തുടങ്ങനാട് സെന്റ് തോമസ് പാരിഷ് ഹാളിൽവച്ചു നടന്നു. തുടങ്ങനാട് ഫൊറോനാപ്പള്ളി വികാരി ഫാ. തോമസ് പുല്ലാട്ടിന്റെ അധ്യക്ഷതയിൽ നടന്ന യോഗം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് കാരാംവേലിൽ, ഫാ. ജീവൻ കദളിക്കാട്ടിൽ, ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**7. മുട്ടക്കോഴിവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് ബി.വി. 380 എന്നീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിവിതരണപരിപാടി സംഘടിപ്പിച്ചു.

**8. സ്വാശ്രയസംഘം വാർഷികങ്ങൾ**

കടനാട്, രാമപുരം, മൂന്നാനി, കൂടല്ലൂർ, പൈങ്ങുളം, കവീക്കുന്ന് എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**9. ലീഡേഴ്സ് പരിശീലനം**

സ്വാശ്രയസംഘം കർഷകദളഫെഡറേഷൻ പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികൾക്കുവേണ്ടിയുള്ള നേതൃത്വപരിശീലന സെമിനാർ പാലാ അഗ്രിമ പരിശീലനകേന്ദ്രത്തിൽവച്ചു നടന്നു. പി.എസ്.ഡബ്യു.എസ്. ഡയറക്ടർ തോമസ് കിഴക്കേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

**10. CTCRI പഠനസംഘം പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സന്ദർശിച്ചു.**

കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണകേന്ദ്രത്തിൽനിന്ന് മണിപ്പൂരിൽനിന്നുള്ള 28 അംഗ കർഷകനേതാക്കളടങ്ങിയ സംഘം ഒക്ടോബർ 14-ാം തീയതി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന കാർഷിക ശാക്തീകരണപ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിന്, പഠനസന്ദർശനം നടത്തി. സൊസൈറ്റി ഡയറക്ടർ റവ.ഡോ. തോമസ് കിഴക്കേൽ, പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം തുടങ്ങിയവർ ചേർന്നു സംഘത്തെ സ്വീകരിച്ച് ആശയം വിനിമയം നടത്തി. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്, നഴ്സറി, ഇക്കോഷോപ്പ് എന്നിവ സന്ദർശിച്ചു. കർഷക ഉത്പാദക കമ്പനികളുടെ രൂപീകരണം, പ്രവർത്തനങ്ങൾ, കർഷക ഉത്പാദക കമ്പനി

കൾക്കു വിവിധ സർക്കാർ ഏജൻസികളിൽനിന്നു ലഭിക്കുന്ന സഹായങ്ങൾ എന്നിവ പ്രോജക്ട് ഓഫീസർ പി.വി. ജോർജ് വിശദീകരിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ സംസാരിച്ചു. മൂഴൂർ ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിലുള്ള കപ്പായ്ക്ക, പൈനാപ്പിൾ, പ്രോസസിങ് സെന്ററും ഓപ്പൺ മാർക്കറ്റും സന്ദർശിച്ചു. പ്രസിഡന്റ് ശ്രീ എം.ജെ. തോമസ് മാമ്പുഴയ്ക്കൽ, സെക്രട്ടറി ശ്രീ രാജുമോൻ മാത്യു എന്നിവർ ചേർന്നു സംഘങ്ങളെ സ്വീകരിച്ചു പ്രവർത്തനങ്ങൾ വിശദീകരിച്ചു. മൂഴൂർ കർഷകദള ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കർഷിക മൂല്യവർദ്ധിത ഉത്പന്നനിർമാണയൂണിറ്റും സംഘം സന്ദർശിച്ചു. പ്രസിഡന്റ് ജോസ് സിറിയക്കുമായി ചർച്ച നടത്തി. കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിയിലും പഠനസംഘം സന്ദർശനം നടത്തി. സി.ഇ.ഒ., റ്റോം ജേക്കബ് ആലയ്ക്കൽ, ചെയർമാൻ സണ്ണി കളരിക്കൽ, കർഷക ഫെഡറേഷൻ പ്രസിഡന്റ്, ജോമോൻ പുത്തൻപുരയ്ക്കൽ, കമ്മിറ്റിയംഗങ്ങൾ എന്നിവർ ചേർന്നു സ്വീകരിച്ചു. കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**10. സൗജന്യ കശുമാവുവിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ എല്ലാ വീട്ടിലും കശുമാവ് പദ്ധതിയുടെ ഭാഗമായി കേരള കശുമാവ് വികസന ഏജൻസിയുടെ സഹകരണത്തോടെ ളാലം സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, എൽ.പി. സ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിൽ 1500 ഗ്രാഫ്റ്റ് തൈകൾ വിതരണം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. ജോസഫ് തടത്തിൽ, ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട്, ഫാ. ജോബി കുന്നയ്ക്കാട്ട്, ജോയി മടിക്കാങ്കൽ, സൗമ്യ ജെയിംസ്, ജെയ്മോൻ മേലുക്കുന്നേൽ, സി. ലിസ്യു തുടങ്ങിയവർ പ്രസംഗിച്ചു.

സെന്റ് തോമസ് ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികൾക്ക് 1200 ഗ്രാഫ്റ്റ് തൈകളുടെ വിതരണം പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുകയും ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ജോയി മടിയ്ക്കാങ്കൽ, സൗമ്യ ജെയിംസ്, ജെയ്മോൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

പാലാ ബി.എഡ്. കോളേജിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി 300 ഗ്രാഫ്റ്റ് തൈകൾ വിതരണം ചെയ്തു. പ്രിൻസിപ്പൽ ഡോ. സി. റീന ഉദ്ഘാടനം നിർവഹിച്ചു. ഡോ. അലക്സ് കാവുകാട്ട്, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ജോയി മടിയ്ക്കാങ്കൽ, സൗമ്യ ജെയിംസ് എന്നിവർ പ്രസംഗിച്ചു.

**11. കുടുംബോദ്ധാരണ പദ്ധതി**

സേവ് എ ഫാമിലി പ്ലാനിന്റെ വാർഷിക ഫണ്ട് വിതരണപദ്ധതിയോട് അനുബന്ധിച്ചു പാലാ രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള ഗുണഭോക്താക്കളുടെ ഭവനസന്ദർശനവും അതോടൊപ്പം വാർഷിക ഫണ്ട് ലഭിക്കുവാനുമുള്ള ആക്ടിവിറ്റി പ്ലാൻ ഫീൽഡ് കോർഡിനേറ്റർ മിസ് ആനിറേച്ചൽ ജോസഫ് നടത്തിവരുന്നു. ദത്തുകുടുംബപദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കു വീടുനിർമാണം,

കന്നുകാലിവളർത്തൽ, ചെറുകിടവ്യവസായ സംരംഭം, പഠനസഹായം, ചികിത്സാസഹായം എന്നീ ഇനങ്ങളിൽ സഹായം ലഭിക്കുന്നു. 2023 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. ലഹരി വിരുദ്ധ പോരാട്ട ജാഗ്രതാ സമിതി സമ്മേളനം**

പാലാ ളാലം സെന്റ് മേരീസ് ളാലം പാരിഷ് ഹാളിൽ സംഘടിപ്പിച്ച പാലാ രൂപത ലഹരിവിരുദ്ധ പോരാട്ട ജാഗ്രതാസമിതിയുടെ ഉദ്ഘാടനം അഭിവന്ദ്യ പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ഡി.സി.എം.എസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

**2. നേതൃത്വപരിശീലന ശില്പശാല**

ദളിത് സമൂഹത്തെ മാറ്റിനിർത്തി സഭയ്ക്കോ രാജ്യത്തിനോ മുന്നോട്ടു പോകാനാവില്ല. ഭരണഘടനാപരമായ അവകാശങ്ങളാണ് ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടത്. സമൂഹത്തിലും സഭയിലും ദളിത് ക്രൈസ്തവസമൂഹത്തെ മാറ്റിനിർത്താനാവാത്ത സാമൂഹികശക്തിയായി വളർന്നുവരുവാൻ നേതൃത്വപരിശീലന ശില്പശാലകൾ സഹായകമാകും എന്ന് പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്താവിച്ചു.

2022 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച രാവിലെ 8.45 ന് പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് മേഖല, രൂപതല ലീഡേഴ്സിനു നേതൃത്വപരിശീലനശില്പശാല സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ ശില്പശാല പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യസന്ദേശം നൽകി. രൂപത സെക്രട്ടറി ബിന്ദു ആന്റണി, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഓർഗനൈസർ ബേബി ആന്റണി, ബിന്ദു സെബാസ്റ്റ്യൻ, ജോയി മാത്യു എന്നിവർ പ്രസംഗിച്ചു. ശ്രീ ബെന്നി കുര്യൻ, ശ്രീ ദേവദാസ് എൻ. എന്നിവർ ക്ലാസുകൾ നയിച്ചു. ശില്പശാലയിൽ പങ്കെടുത്തവർക്കായി രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് വി. കുർബാന അർപ്പിച്ചു.

**3. ഫ്യൂച്ചർ സ്റ്റാർസ്**

5-ാം ക്ലാസുമുതൽ 9-ാം ക്ലാസ്സുവരെ പഠിക്കുന്ന ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള സിവിൽ സർവീസ് കോച്ചിംഗ് ക്ലാസ് 2022 ഒക്ടോബർ

5-ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് രൂപതാ ഭാരവാഹികളായ ശ്രീ ബിനോയ് ജോൺ, ശ്രീമതി ബിന്ദു ആന്റണി, ശ്രീ ബേബി പാറയ്ക്കൽ, വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഡി.സി.എം.എസ്. അംഗങ്ങളായ അധ്യാപകർ - അനധ്യാപകർ എന്നിവർ കോച്ചിംഗിന് നേതൃത്വം നൽകി. ശ്രീമതി റ്റിൻജിമോൾ തോമസ്, ശ്രീ ആർ. മഹാദേവൻ, ശ്രീമതി അഞ്ചന ബെന്നി, ശ്രീ സുജിത്ത് തോമസ് എന്നിവർ കുട്ടികൾക്കു ക്ലാസ്സെടുത്തു. ശ്രീ ജോയി മാത്യു, ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, ശ്രീമതി ഹെലൻ ജോസഫ്, ശ്രീ സിജു തോമസ്, ശ്രീമതി ഷീബ സി.ഒ. എന്നിവർ ക്ലാസിനു നേതൃത്വം നൽകി.

**4. പ്രാർത്ഥനാദിനാചരണം**

ദളിത് ക്രൈസ്തവസംവരണവുമായി ബന്ധപ്പെട്ട് സുപ്രിം കോടതിയിൽ നടക്കുന്ന കേസിന്റെ സുപ്രധാന വാദം 2022 ഒക്ടോബർ 11 ന് സുപ്രിം കോടതിയിൽ തുടങ്ങുന്നതിന്റെ വിജയത്തിനായി 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച കെ.സി.ബി.സി. എസ്സ്‌സി/എസ്ടി/ബിസി കമ്മീഷന്റെ നേതൃത്വത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു. ഇതിന്റെ ഭാഗമായി അന്നേ ദിവസം രാവിലെ 11 മണിക്ക് പാലോം പാസ്റ്ററൽ സെന്ററിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിൽ ഭാരവാഹികളും, കമ്മിറ്റി അംഗങ്ങളും പ്രാർത്ഥനാദിനാചരണം നടത്തി

**5. രൂപത കമ്മിറ്റി**

2022 ഒക്ടോബർ 9-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി എം.പി. കണക്കും അവതരിപ്പിച്ചു. രാമപുരത്ത് വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിലേക്കുള്ള തീർത്ഥാ പദയാത്രയെക്കുറിച്ചും വിവിധ കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്തു.

**6. അനുശോചനങ്ങൾ**

ഡി.സി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് വിൻസെന്റ് ആന്റണിയുടെ മാതാവ് മേരി ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് (14/10/2022) സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് - ഭവനത്തിൽ നേതൃത്വം നൽകി. ഡി.സി.എം.എസ്. പാലാ രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഖജാൻജി ശ്രീമതി മേരി എം.പി എന്നിവർ സംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു.

**7. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു തീർത്ഥാടന പദയാത്ര നടത്തി.**

ഡി.സി.എം.എസ് പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ രാമപുരം സെന്റ് അഗസ്റ്റ്യൻസ് പള്ളിയങ്കണത്തിലുള്ള കബറിടത്തിലേക്കു തീർത്ഥാടനപദയാത്ര നടത്തി തിരുനാൾദിനമായ ഒക്ടോബർ 16-ാം തീയതി രാവിലെ 10.30 ചക്കാമ്പുഴ കുരിശുപള്ളി ജംഗ്ഷനിൽ

നിന്ന് ആരംഭിച്ച് തീർത്ഥാടനപദയാത്ര രൂപതയുടെ വികാരി ജനറാൾ ബഹു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ പാലാ രൂപത ഡി.സി.എം.എസ് ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഭാരവാഹികളായ ശ്രീമതി ബിന്ദു ആന്റണി, ശ്രീ ബേബി പാറയ്ക്കൽ, ശ്രീമതി ഫെമിന സിബിച്ചൻ, ശ്രീമതി മേരി എം.പി, ശ്രീമതി അഞ്ജലി ബേബി എന്നിവർ പ്രസംഗിച്ചു. ബഹു. എസ്എച്ച് കോൺഗ്രിഗേഷൻ സിസ്റ്റേഴ്സിന്റെ സാന്നിധ്യം പദയാത്രയ്ക്കു മികവേകി. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പദയാത്ര രാമപുരം പള്ളിയങ്കണത്തിൽ എത്തിച്ചേർന്നപ്പോൾ ഫൊറോനാ പള്ളി വികാരി ഫാ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ, വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ, മേഖല ഡയറക്ടർ ഫാ. ആന്റണി വാഴക്കാലായിൽ, മേഖല പ്രസിഡന്റ് ശ്രീ മണി പി.എസ്., തോമസ് കൊട്ടിച്ചേരിൽ, സി. ജോഷി ഏറത്ത് എന്നിവർ തിരുസ്വരൂപത്തിൽ പൂമാലയണിയിച്ചു സ്വീകരിച്ചു. പദയാത്രയിൽ വിവിധ ഇടവകകളിൽനിന്നും നൂറുകണക്കിനു ഡി.സി.എം.എസ്. അംഗങ്ങൾ പങ്കെടുത്തു. പാലാ രൂപത ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഭാരവാഹികളായ ശ്രീമതി ബിന്ദു ആന്റണി, ശ്രീ ബേബി പാറയ്ക്കൽ, ശ്രീമതി ഫെമിന സിബിച്ചൻ, ശ്രീമതി മേരി എം.പി, ശ്രീ. പി.ഒ. പീറ്റർ, ശ്രീമതി അഞ്ജലി ബേബി, മേഖല പ്രസിഡന്റ് ശ്രീ മണി പി.എസ്, തോമസ് കൊട്ടിച്ചേരിൽ, ശ്രീ ജോഷി ഏറത്ത് എന്നിവർ പദയാത്രയ്ക്കു നേതൃത്വം നൽകി. പദയാത്രയ്ക്കുശേഷം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിൽ പ്രാർത്ഥന നടത്തി. തുടർന്ന് ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന അർപ്പിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

ഒക്ടോബർ മാസം 2, 9, 16, 23, 30 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ. എൻ. എം. സെബാസ്റ്റ്യൻ, റ്റീന എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി.

**2. ഗാന്ധിജയന്തിദിനാഘോഷം**

ഒക്ടോബർ 2 ഞായർ ഗാന്ധിജയന്തിദിനാഘോഷം നടത്തി. പാലാ രൂപത മദ്യവിമുക്തി ചികിൽസാകേന്ദ്രമായ അഡാർട്ടിന്റെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഡ്വ. ജോർജ്കുട്ടി കടപ്ലാക്കൽ മുഖ്യസന്ദേശം നല്കി. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഗാന്ധിയൻ എബ്രാഹം സാർ, കെ.പി. ജോസഫ് സാർ, പാപ്പച്ചൻ മുത്തോലി തുടങ്ങിയവർ സന്ദേശം നല്കി. റവ.ഫാ. ജെയിംസ് പൊരുന്നോലിൽ നന്ദി പ്രകാശിപ്പിച്ചു.

**3. ബോധവത്കരണ ക്ലാസ്**

1. ഒക്ടോബർ 1 ന് ഇലഞ്ഞി ഗ്രാമസഭയിൽ നടന്ന ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ നയിച്ചു.
2. ഭരണങ്ങാനം അൽഫോൻസ റസിഡൻഷ്യൽ സ്കൂളിൽ ഒക്ടോബർ 3 ന് കുട്ടികൾക്കായി നടന്ന പ്രോഗ്രാമിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നയിച്ചു.
3. മൂലമറ്റം സെന്റ് ജോർജ് സ്കൂളിൽ നടന്ന ലഹരിവിരുദ്ധപ്രോഗ്രാമിൽ ഒക്ടോബർ 6 ന്, കുട്ടികൾക്കായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നയിച്ചു. അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ. എൻ.എം. സെബാസ്റ്റ്യൻ നയിച്ചു.
4. മൂലമറ്റം സെന്റ് ജോർജ് സ്കൂളിൽ 6 ന്, ഉച്ചകഴിഞ്ഞ് മാതാപിതാക്കൾക്കായി നടന്ന ലഹരിവിരുദ്ധ പ്രോഗ്രാമിൽ ഒക്ടോബർ ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നയിച്ചു.
5. ഒക്ടോബർ 13 രാവിലെ 10 ന് പാലാ സബ് ജയിലിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ. എം. സെബാസ്റ്റ്യൻ നയിച്ചു.
6. ഒക്ടോബർ 13 ഉച്ചതിരിഞ്ഞ് പാലാ സബ് ജയിലിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നല്കി.
7. ഒക്ടോബർ 14 രാവിലെ 10 ന് തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ. എൻ.എം. സെബാസ്റ്റ്യൻ നയിച്ചു.

8. ഒക്ടോബർ 14 ഉച്ചതിരിഞ്ഞ് പാലാ കോടതിയിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ അഡാർട്ട് പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ ബോധവത്കരണ ക്ലാസ്സ് നയിച്ചു.
9. ഒക്ടോബർ 5 ന് അൽഫോൻസാ കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം നടത്തിയ ലഹരിവിരുദ്ധപരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് മത്സരത്തിന്റെ ഫലം പ്രസിദ്ധീകരിച്ചു.**

| | Ist | 2nd | 3rd |
|---|---|---|---|
| എ വിഭാഗം | ലീന മരിയ മധു<br>അരുവിത്തുറ | നോറ മരിയ ജോബി<br>ഇടപ്പാടി | റോസ്‌ലിയ തോമസ്<br>പാലാ |
| ബി. വിഭാഗം | ലിസ്മരിയ തോമസ്<br>അരുവിത്തുറ | റോസ്‌മേരി സണ്ണി<br>മൂലമറ്റം | സോന മരിയ ബിനു<br>കാഞ്ഞിരമറ്റം |
| സി. വിഭാഗം | അഞ്ജന റ്റോജി<br>മേരിലാന്റ് | ഡോണ മൈക്കിൾ<br>ഉള്ളനാട് | അലക്സ് ജാക്സൺ<br>ഭരണങ്ങാനം |
| ഡി വിഭാഗം | ഷീല ബിജു<br>ചൂണ്ടച്ചേരി | നിമ്മി ഷിജോ<br>ചേർപ്പുങ്കൽ | ജോസ്‌ലിൻ വർഗീസ്<br>നമ്പ്യാകുളം |
| ഇ വിഭാഗം | ബാബു പോൾ<br>ഭരണങ്ങാനം | ബിന്നി സ്കറിയ<br>കാഞ്ഞിരമറ്റം | ജോസ്‌ലിൻ മാത്യു<br>മുട്ടുചിറ |
| എഫ്. വിഭാഗം | മേരി പോൾ<br>മുത്തോലപുരം | ഏലിയാമ്മ ജോസഫ്<br>ഫാത്തിമാപുരം | സി. അനിറ്റ് സിഎംസി<br>രാമപുരം |

**2. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

| | | | |
|---|---|---|---|
| എ വിഭാഗം | വാരിയാനിക്കാട് | തിരുമാറാടി | മണിയംകുളം |
| ബി.വിഭാഗം | കാക്കൂർ | ഉള്ളനാട് | മൂന്നിലവ് |
| സി. വിഭാഗം | സിബിഗിരി | ഏന്തയാർ | തീക്കോയി |
| ഡി വിഭാഗം | കുറവിലങ്ങാട് | രാമപുരം | അരുവിത്തുറ |

**3. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച സെന്ററുകൾ**

1 എസ്.എച്ച്. ഹോസ്റ്റൽ, പാലാ

2 മാർ അപ്രേം സെമിനാരി, പാലാ

3. എസ്.എം.എസ്. ജനറലേറ്റ്, പാലാ

വിജയികൾക്ക് അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

**4. ലോഗോസ് ഫാമിലി ക്വിസ്**

നേരത്തേ അറിയിച്ചിരുന്നതുപോലെ ഈ വർഷം ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല. രൂപതാതലമത്സരം 2022 നവംബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ (ബിഷപ് ഹൗസിനു എതിർവശം) വച്ചു നടക്കുന്നതാണ്.

**5. Diploma in Biblical Theology**

കടുത്തുരുത്തി മരിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റിന്റെയും (MIED) പാലാ ബൈബിൾ അപ്പസ്തലേറ്റിന്റെയും ആഭിമുഖ്യത്തിൽ ബിബ്ലിക്കൽ തിയോളജിയുടെ ഡിപ്ലോമ കോഴ്സിലേക്കു (Diploma in Bibilical Theology) അപേക്ഷകൾ ക്ഷണിക്കുന്നു. പ്രമുഖ ബൈബിൾ പണ്ഡിതന്മാർ നയിക്കുന്ന ഈ ഡിപ്ലോമ കോഴ്സ് 24 പഠനദിവസങ്ങൾകൊണ്ടു പൂർത്തിയാകും. ഡിസംബർ മുതൽ എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയായിരിക്കും ക്ലാസ്സുകൾ. കോഴ്സ് ഫീസ് 500/ രൂപാ.

പങ്കെടുക്കുവാൻ താത്പര്യമുള്ളവർ ഒക്ടോബർ 31-ാം തിയതി തിങ്കളാഴ്ചക്കകം 8281702118 OR 8547984601 എന്ന നമ്പരിൽ വിളിക്കുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മധ്യസ്ഥപ്രാർത്ഥന**

എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**2. സുവിശേഷപ്രഘോഷണം**

7-ാം തീയതി മുണ്ടക്കയം വ്യാകുലമാതാ ഫൊറോനാപ്പള്ളിയിലും 9-ാം തീയതി ആയാംകുടി സെന്റ് തെരേസാ പള്ളിയിലും വചനപ്രഘോഷണം നടത്തി.

**3. തെരുവ് സുവിശേഷപ്രഘോഷണം**

ഈ മാസം 5-ാം തീയതി കഞ്ഞിക്കുഴി, 11-ാം തീയതി വെൺമണി പഴയരിക്കണ്ടം, 15,18 തീയതികളിൽ പൊന്തൻപുഴ എന്നീ പ്രദേശങ്ങളിൽ തെരുവ് സുവി

ശേഷപ്രഘോഷണം നടത്തി. റിട്ട. എസ്.ഐ. മാത്യു റ്റി.എം. നേതൃത്വം നൽകി. ജോബി പാലാപ്പറമ്പിൽ, ജോയി ആറ്റുചാലിൽ, ജോയി മരങ്ങാട്ട്, മനോജ് കോല ത്താൻവേലിൽ എന്നിവർ പങ്കുചേർന്നു.

**4. വൈദികരുടെ മാസധ്യാനം**

കോതനല്ലൂർ, കുടുത്തുരുത്തി, ഇലഞ്ഞി എന്നീ ഫൊറോനകളിൽ വൈദി കരുടെ മാസധ്യാനത്തിൽ പങ്കുചേർന്നു വചനം പങ്കുവച്ചു.

**5. ക്ലാസ്**

4, 25 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**6. ജാഗ്രതാ സമിതി**

രൂപതയിലെ മുഴുവൻ ഫൊറോനകളും സന്ദർശിച്ച് ബഹു. വൈദികരുമായി ജാഗ്രതാ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള അഭിപ്രായങ്ങൾ ആരാഞ്ഞു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ നേതൃത്വം നൽകി.

**7. പബ്ലിക് അഫയേഴ്സ് കമ്മീഷൻ**

05-10-2022 ൽ കോട്ടയത്ത് വച്ചുനടന്ന പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ റീജിയണൽ മീറ്റിംഗിൽ രൂപതയിൽനിന്ന് 5 പേർ പങ്കെടുത്തു.

26-10-2022 ൽ ബിഷപ്സ് ഹൗസിൽ വച്ചു നടത്തിയ സമ്മേളനത്തിൽ സീറോ മലബാർ സിനഡ് നിർദേശിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. മോൺ. ജോസഫ് തടത്തിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സേവനസമിതിയോഗം**

2022 -2024 ലേക്കു പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപത സോണൽ കരിസ്മാറ്റിക് സർവീസ് ഓഫ് കമ്മ്യൂണിയൻ (CSC) ന്റെ ആദ്യ സേവ നസമിതിയോഗം ഒക്ടോബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് പാലാ പാസ്റ്റ റൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതു ങ്കൽ അധ്യക്ഷത വഹിച്ചു. ഈ കാലഘട്ടത്തിന്റെ എല്ലാ പ്രതിനിധികളെയും നടു വിൽ ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരാണ് നമ്മളെന്നും അതു സ്നേഹത്തിന് ആയിരിക്കണമെന്നും അച്ചൻ നൽകിയ ആമുഖ സന്ദേശത്തിൽ ഓർമിപ്പിച്ചു.

**2. സബ് സോൺ സേവനസമിതി സന്ദർശനം**

സോണൽ സേവനസമിതിയംഗങ്ങൾ 18 സബ് സോണുകളും സന്ദർശിച്ചു കൗൺസിലുകളുടെയും മിനിസ്ട്രികളുടെയും ചുമതലകൾ ഓരോ സബ്സോൺ അംഗങ്ങളെ ഏല്പിക്കുകയും ഓരോ അംഗങ്ങൾ സന്ദർശിക്കേണ്ട ഇടവക ദൈവാ ലയങ്ങൾ നിർദേശിക്കുകയും ചെയ്തു.

**3. മിനിസ്ട്രികളും കൗൺസിലുകളും**

മധ്യസ്ഥപ്രാർത്ഥന, പാരിഷ്, കെറിഗ്മ, ക്രിസ്റ്റീൻ, യൂത്ത് (Ya4c) മരിയൻ സിംഗിൾസ്, സുവാനിസ സ്ത്രീകൾക്കായുള്ള മിനിസ്ട്രി, ലോർഡ്സ് കപ്പിൾസ് എന്നീ മിനിസ്ട്രികളും ജീവജ്വാല, ഫിനാൻസ് എന്നീ കൗൺസിലുകളും പല ദിവസങ്ങളായി പാലാ പാസ്റ്ററൽ സെന്ററിൽ വിളിച്ചുകൂട്ടുകയും ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിനു സോണൽ സർവീസ് ടീം അംഗങ്ങൾ ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

**4. L.S.S. (Life in Sprit Seminar)**

എൽ.എസ്.എസ്. ആറാം ബാച്ച് ഫിസിക്കലായി സബ് സോൺ തലത്തിൽ ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ ആരംഭിച്ചു. കത്തീഡ്രൽ പാലാ, തുടങ്ങനാട്, ഇലഞ്ഞി എന്നീ ദൈവാലയങ്ങളിൽ നടന്നുകൊണ്ടിരുന്ന ഫിസിക്കൽ എൽ.എസ്.എസ്. സെമിനാർ പൂർത്തിയായി.

**5. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 വരെയും വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, നന്ദി സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഒക്ടോബർ 7 ന് കെ.പി. ജോസഫ് 21 ന് റവ. ഫാ. ജോസഫ് അമ്പാട്ടുപടവിൽ 28 ന് ബ്രദർ ജോൺസൺ കണ്ടത്തിൽ എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**6. സഭാനവീകരണദിനാചരണം**

വൈദിക സന്ന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കുവാനായി പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ ഒക്ടോബർ 14 വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 3 വരെ ശുശ്രൂഷകൾ നടത്തപ്പെട്ടു. രൂപത അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പ്രാർത്ഥനയിൽ പങ്കെടുക്കുകയും ദൈവജനത്തിനു സന്ദേശം നൽകി പ്രാർത്ഥിക്കുകയും ചെയ്തു. എഫ്.സി.സി. പാലാ, എസ്.എം.എസ്. അരുവിത്തുറ, സി.എം.സി., എസ്.എ.ബി.എസ്. ഡി.എസ്.റ്റി, എസ്.എച്ച്., ലീജിയൻ ഹോം എന്നീ സന്ന്യാസസമൂഹങ്ങളും രൂപതാസേവനസമിതി (സി.എം.സി.) അംഗങ്ങളും പ്രാർത്ഥനാശുശ്രൂഷയിൽ പങ്കുചേർന്നു.

**7. അഖണ്ഡജപമാലയും കുരിശിന്റെവഴിയും**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെവഴി പ്രാർത്ഥനയും 15-ാം തീയതി മൂന്നാം ശനിയാഴ്ച രാവിലെ 8 മുതൽ രാത്രി 8 വരെയും പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ അഖണ്ഡജപമാല പ്രാർത്ഥനയും നടത്തപ്പെട്ടു. അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**8. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാല

യത്തിൽ വച്ചു നടന്നുവരുന്ന രാത്രിയാരാധന ഒക്ടോബർ 29-ാം തീയതി ശനിയാഴ്ച വൈകിട്ട് 7 മുതൽ 30 ന് രാവിലെ 5 വരെ നടത്തപ്പെട്ടു. റവ.ഫാ. ഷാജി തുമ്പേച്ചിറയിൽ വചനശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശുശ്രൂഷ കോർഡിനേറ്റർമാരായ ബാബു തോമ്മനാമറ്റം, സിബി ചരുവിൽപുരയിടം രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പാലാ സബ് ജയിൽ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ് ജയിലിൽ ഒക്ടോബർ 8 ന് സന്ദർശനം നടത്തി. റവ.ഫാ. ജെയിംസ് പൊരുന്നോലിൽ നേതൃത്വം നല്കിയ സന്ദർശനത്തിൽ അരുവിത്തുറ ഫൊറോന മാതൃജ്യോതി അംഗങ്ങൾ വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. സി. ലിസ് മരിയ CMC, യൂണിറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**2. ബോധവത്കരണ ക്ലാസ്**

ഒക്ടോബർ 13 ഉച്ചതിരിഞ്ഞ് പാലാ സബ് ജയിലിൽ നടന്ന ലഹരിവിരുദ്ധ പരിപാടിയിൽ ബോധവത്കരണ ക്ലാസ്സ് ജീസസ് ഫ്രട്ടേണിറ്റി രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**<br>
**ഫാ. ജെയിംസ് പൊരുന്നോലിൽ**<br>
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിമുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി മൂന്നു മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഒക്ടോബർ 8 ന് നടത്തുകയുണ്ടായി.

2. ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ മലയാളികളല്ലാത്ത സിസ്റ്റേഴ്സിനായി മൂലമറ്റം ജ്യോതിഭവനിൽവച്ച് ഒക്ടോബർ 1 മുതൽ 7 വരെ വാർഷികധ്യാനം (Third Batch) നടത്തി.

3. ഒക്ടോബറിലെ ജപമാല മാസാചരണത്തിന്റെ പശ്ചാത്തലത്തിൽ **ജപമാല മാസ സ്ഫുലിംഗങ്ങൾ** എന്ന പേരിൽ 10 മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ആത്മീയ വിചിന്തനങ്ങൾ കഴിഞ്ഞവർഷം നൽകിയത്, ഒക്ടോബർ ഒന്നുമുതൽ മൗണ്ട് നെബോ യൂറ്റ്യൂബ് ചാനലിൽ പുനഃസംപ്രേക്ഷണം നടത്തി.

4. മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ 2021 ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാ ഭവനത്തിന്റ വെഞ്ചരിപ്പുകർമ്മങ്ങൾ ഒക്ടോബർ 22 ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മോൺ ജോസഫ് മലേപ്പറമ്പിൽ എന്നിവരുൾപ്പെടെ സംബന്ധിച്ച തിരുക്കർമ്മങ്ങൾക്കുമുമ്പ്, മോൺ സെബാസ്റ്റ്യൻ വേത്താനത്ത് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ ഏവർക്കും കൃതജ്ഞതയർപ്പിച്ചു. മൗണ്ട് നെബോയുടെ ആരംഭംമുതൽ നാനാവിധത്തിൽ ഈ ശുശ്രൂഷാകേന്ദ്രത്തിന്റെ പുരോഗതിക്കായി സഹകരിച്ചിട്ടുള്ള വൈദികാദ്ധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായരുമായ എല്ലാവരെയും ഈയവസരത്തിൽ നന്ദിയോടുകൂടി അനുസ്മരിക്കുകയും തുടർന്നും എല്ലാ പ്രിയപ്പെട്ടവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമേയെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇനിയുള്ള ശുശ്രൂഷകൾ പുതിയ ഭവനത്തിൽ വച്ചായിരിക്കും നടത്തപ്പെടുക.

5. ഡിസംബർമുതൽ താമസിച്ചുള്ള ധ്യാനശുശ്രൂഷകൾ ആരംഭിക്കുകയാണ്. പ്രധാനമായും നാലു ദൈവരാജ്യശുശ്രൂഷകളാണ് മൗണ്ട് നെബോയിൽ പൊതുവായി ക്രമീകരിച്ചിരിക്കുന്നത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്ന, രാവിലെ 9 മണിക്കാരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്കവസാനിക്കുന്ന, ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം (ഇതിൽ സംബന്ധിക്കുവാൻ മുൻകൂട്ടി പേരു തരേണ്ടതില്ല); എല്ലാ മാസവും നടത്തപ്പെടുന്ന ത്രിദിന ദൈവരാജ്യാവബോധധ്യാനം; ഇടവിട്ട മാസങ്ങളിൽ മാറിമാറി നടത്തപ്പെടുന്ന പഞ്ചദിന ദൈവരാജ്യാനുഭവധ്യാനവും, നവദിന - 9 ദിവസത്തെ - ദൈവരാജ്യാഭിഷേകധ്യാനവും (ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു മാത്രമായിരിക്കും ദൈവരാജ്യാഭിഷേകധ്യാനത്തിൽ പ്രവേശനമുണ്ടായിരിക്കുക). അതിൻപ്രകാരം, അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | |
|---|---|
| 2022 നവം 12: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2022 ഡിസം 1-4: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2022 ഡിസം 26- ജനു 1: | പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ജനു 5-8: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 ജനു 14: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജനു 20-30: | നവദിന ദൈവരാജ്യാനുഭവധ്യാനം |
| 2023 ഫെബ്രു 11: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഫെബ്രു 14-20: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും രൂപതാസമ്മേളനവും**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 2022 ഒക്ടോബർ മാസം 8-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ആശ്രമദേവാലയാങ്കണത്തിൽ വച്ചു രൂപതാസമ്മേളനവും വി. ഫ്രാൻസീസി അസ്സീസിയുടെ തിരുനാളും സംയുക്തമായി നടത്തപ്പെട്ടു.

അന്നേദിവസം രാവിലെ പത്തു മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ എസ്.എഫ്.ഒ. പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ അധ്യക്ഷത വഹിക്കുകയും കുടയത്തൂർ കാരിത്താസ് സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗം സി. ഗീത മാത്യു മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. എസ്.എഫ്.ഒ. പാലാ രൂപത ഡയറക്ടർ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap. അനുഗ്രഹപ്രഭാഷണവും റവ. ഫാ. ജോമോൻ ആശാൻപറമ്പിൽ OFM Cap. സമ്മേളനാനന്തരം വി. കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. രൂപത ജനറൽ സെക്രട്ടറി റോസമ്മ ജോസ് വല്ലനാട്ട് റിപ്പോർട്ട് അവതരിപ്പിക്കുകയും എസ്.എഫ്. ഒ. പറത്താനം യൂണിറ്റ് പ്രസിഡന്റ് ബ്രദർ ജോർജ് വി.സി, വടക്കേത്തകിടിയേൽ സ്വാഗതവും എസ്.എഫ്.ഒ. മീനച്ചിൽ യൂണിറ്റ് പ്രസിഡന്റ് ബ്രദർ ഡോ. ജോൺ കോര കല്ലൂക്കുന്നേൽ നന്ദിയും രേഖപ്പെടുത്തി.

വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 4 ന് രൂപതയിലെ വിവിധ യൂണിറ്റുകളിൽ അല്മായസഭയുടെ നേതൃത്വത്തിൽ വി. കുർബാന, ലദീഞ്ഞ്, നേർച്ചവിതരണം എന്നിവ നടത്തിക്കൊണ്ടും അഗതിമന്ദിരങ്ങളിലും വൃദ്ധസദനങ്ങളിലും സ്നേഹവിരുന്നു നടത്തിയും വിശുദ്ധന്റെ തിരുനാൾ ആഘോഷിച്ചു.

ഫ്രാൻസിസ്കൻ അല്മായസഭയുടെ നിയമാവലിപ്രകാരം മൂന്നുവർഷത്തിലൊരിക്കൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് എന്ന നിബന്ധനയനുസരിച്ച് യൂണിറ്റ് സമിതികളിലേക്കുള്ള തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ രൂപതയിൽ നടന്നുവരുന്നു. 2022 നവംബർ മാസത്തോടെ രൂപതയിലെ എല്ലാ യൂണിറ്റുകളിലും പുതിയ സമിതികൾ രൂപീകരിക്കുന്നതിനും സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും സമ്മേളനത്തിൽ തീരുമാനമെടുത്തു.

കേരളത്തിൽ ഫ്രാൻസിസ്കൻ അല്മായസഭ സ്ഥാപിക്കുന്നതിനു മുൻകൈ എടുത്ത കേരള അസ്സീസി എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 114-ാമത് ചരമവാർഷികദിനമായ നവംബർ 1 ന് അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന എടത്വാ സെന്റ് ജോർജ് ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തുന്നതിനും പ്രസ്തുത തീർത്ഥാടനത്തിൽ സഭാംഗങ്ങൾ ഏവരും പങ്കെടുക്കണമെന്നും രൂപത പ്രസിഡന്റ് ഉദ്ബോധിപ്പിച്ചു. സമ്മേളനത്തിനും തിരുനാൾ ആഘോഷങ്ങൾക്കും ശേഷം സ്നേഹവിരുന്നു നടത്തപ്പെട്ടു.

ഏവർക്കും സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ട് വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിന്റെ മംഗളാശംസകൾ.

**റവ.ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**മീറ്റിംഗുകൾ**

1. 11/10/2022 - ഷലോമിൽവച്ച് ദീപികയുടെ 135-ാം വാർഷികാഘോഷം നടത്തുന്നതു സംബന്ധിച്ചു മീറ്റിംഗ് കൂടി.

2. 18/10/2022- ഷലോമിൽവച്ച് ദീപികയുടെ 135-ാം വാർഷികാഘോഷം നടത്തുന്നതു സംബന്ധിച്ച് രൂപതാ ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

3. 22/10/2022 പാലായിലെ നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനവും ദീപികയുടെ 135-ാം വാർഷികാഘോഷവും നടന്നു. 122 ഡി.എഫ്.സി. മെമ്പേഴ്സ് പങ്കെടുത്തു.

26-10-2022-ൽ അരമനയിൽവച്ചു നടന്ന പി.എ.സി മീറ്റിംഗിൽ പങ്കെടുത്തു.

**ദീപികപത്ര പ്രചരണം**

കുന്നോന്നി ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

ചെമ്മലമറ്റം ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

പെരിങ്ങുളം ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**വിലക്കയറ്റത്തിനെതിരേ ഇൻഫാം**

അരി ഉൾപ്പെടെയുള്ള നിത്യോപയോഗസാധനങ്ങളുടെ വർധിച്ചുവരുന്ന വിലക്കറ്റവും കർഷകരുടെ ഉൽപന്നങ്ങൾക്കു വില ലഭിക്കാതെ വരുന്ന വലിയ പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കാത്തതിൽ ഇൻഫാം കടുത്ത പ്രതിഷേധം അറിയിച്ചു. കർഷകർ ദുരിതത്തിലാണ് എന്ന് അറിഞ്ഞിട്ടും അത് ഗൗനിക്കാതെ ഉദ്യോഗസ്ഥവൃന്ദത്തിന് ആനുകൂല്യങ്ങളും ക്ഷേമനിധിയും നൽകുന്ന സർക്കാരിന്റെ നയം തികച്ചും കർഷകവിരുദ്ധവും ഇലക്ഷൻ വാഗ്ദാനങ്ങളുടെ ലംഘനവുമാണ്. സർക്കാരിന്റെ കർഷക അവഗണനയ്ക്ക് എതിരേ സമരപരിപാടികൾ നടത്തുവാൻ ഇൻഫാം എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. ഇൻഫാം സെന്ററിൽ കൂടിയ യോഗത്തിൽ മാത്യു മാമ്പറമ്പിൽ, ജോസി വയിലിൽ കളപ്പുര, ബേബി പന്തപ്പള്ളി, ഫാ. ജോസ് തറപ്പേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. ജോസഫ് കരികിലാംതടം MST

മുത്തോലപുരം ഇടവകയിൽ കരികിലാംതടം ചാക്കോയുടെയും അന്നയുടെയും അഞ്ചുമക്കളിൽ മൂത്ത മകനായി 1937 മാർച്ച് ഒന്നാം തീയതി ഫാ. ജോസഫ് കരികിലാംതടം ഭൂജാതനായി.

മുത്തോലപുരം സെന്റ് പോൾസ് എൽ.പി. സ്കൂൾ, മോനിപ്പള്ളി ഹോളി ക്രോസ് യു.പി. സ്കൂൾ, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ, പാലാ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി പാലാ ഗുഡ് ഷെപ്പേഡ് മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കിയ അദ്ദേഹം 1964 ഡിസംബർ ഒന്നിന് മുംബൈയിൽവച്ചു നടന്ന യുക്കരിസ്റ്റിക് കോൺഗ്രസിൽവച്ച് അഭി. മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു രൂപതാ വൈദികനായിത്തീർന്നു. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം മരങ്ങാട്ടുപിള്ളി, കടനാട് പള്ളികളിൽ സഹവികാരിയായി. 1970 ഡിസംബർ എട്ടിന് MST സൊസൈറ്റിയിൽ അംഗമായി. അതിനുശേഷം ഉജ്ജയ്ൻ രൂപതയിലെ വിവിധ മിഷൻ സ്റ്റേഷനുകളിൽ ശുശ്രൂഷ നിർവഹിച്ച ബഹു. ജോസഫച്ചൻ 2012 മുതൽ ആരാമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

2022 ഒക്ടോബർ 19 ന് ഇഹലോകവാസം പൂർത്തിയാക്കി ജയമുടി ചൂടൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായ ജോസഫച്ചന്റെ ഭൗതികശരീരം 2022 ഒക്ടോബർ ഇരുപതാം തീയതി ദീപ്തി മൗണ്ടിലെ സിമിത്തേരിയിൽ അഭി. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ കാർമികത്വത്തിലുള്ള കുർബാനയോടെ, അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയർപ്പിക്കുന്ന ദൈവം ജീവന്റെ കിരീടം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട ജോസഫ് അച്ചനെയും അണിയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.



## സി. ജോവാന സി.എം.സി.

"ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു, എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു" (2 തിമോ. 4/7-8).

പാലാ രൂപതയിലെ രാമപുരം ഇടവക കൂട്ടക്കല്ലിൽ കുടുംബത്തിൽ, സൈമൺ-ഏലിക്കുട്ടി ദമ്പതികളുടെ ദ്വിതീയസന്താനമായി 1940 മേയ് 14 ന് സി. ജോവാന ഭൂജാതയായി. അന്ന എന്നായിരുന്നു ജ്ഞാനസ്നാനനാമം. സ്കൂൾ വിദ്യാഭ്യാസവും പ്രീഡിഗ്രിയും കഴിഞ്ഞ് സന്ന്യാസജീവിതത്തിലേക്കു പ്രവേശിച്ച അന്നക്കുട്ടി സന്ന്യാസപരിശീലനം പൂർത്തിയാക്കി 1962 മെയ് 23 ന് ആദ്യവ്രതവും 1966 മെയ് 26 ന് നിത്യവ്രതവും വാഗ്ദാനം ചെയ്തു.

അധ്യാപകപരിശീലനം പൂർത്തിയാക്കിയശേഷം രാമപുരം, മുത്തോലി, മല്ലികശ്ശേരി, പ്രവിത്താനം, മുട്ടുചിറ എന്നീ സ്കൂളുകളിൽ അധ്യാപനശുശ്രൂഷ നിർവഹിച്ച അമ്മയുടെ സമർപ്പിതജീവിതത്തിന്റെ കൂടുതൽ ഭാഗവും 37 വർഷം മുണ്ടാങ്കൽ മഠത്തിൽത്തന്നെ ആയിരുന്നു. 2012 ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു സിദ്ധിച്ചു.

കാർഷികമേഖലയിൽ താത്പര്യവും അഭിരുചിയും ഉണ്ടായിരുന്ന സി. ജോവാന ദീർഘനാൾ ഈ മേഖലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുക മാത്രമല്ല, നമുക്കുവേണ്ടി അധ്വാനിക്കുന്ന മക്കളോട് അങ്ങേയറ്റം സ്നേഹവും കരുണയും കരുതലും പ്രകടമാക്കുകയും ചെയ്തിരുന്നു.

പാവപ്പെട്ടവരോടും പതിതരോടും പ്രത്യേക മമത, അധികാരവിധേയത്വം, ആത്മസംയമനം, മാതൃവാത്സല്യം എന്നിവ അമ്മയിൽ വിളങ്ങിയിരുന്ന വിശിഷ്ടഗുണങ്ങളാണ്.

പലവിധ രോഗങ്ങളാൽ ക്ഷീണിതയായ അമ്മ ബഹു. അലക്സാണ്ടർ ഓലിക്കൽ അച്ചനിൽനിന്ന് സെപ്റ്റംബർ 20-ാം തീയതി രോഗീലേപനം സ്വീകരിച്ചു. അമ്മയുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടാകാത്തതിനാൽ സെപ്റ്റംബർ 30 ന് അമ്മയെ കാർമൽ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു.

രോഗത്തിന്റെ അസ്വസ്ഥതകളും അരിഷ്ടതകളും ബുദ്ധിമുട്ടുകളും മാതൃകാപരമായി സമചിത്തതയോടെ സ്വീകരിച്ച ജോവാനമ്മ 06-10-2022 വ്യാഴം 11.20 ന് കുടുംബാംഗങ്ങളുടെയും സമൂഹാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ തന്റെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു. 7-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് ബഹു. ജോബിൻ OFM Cap. അർപ്പിച്ച പരിശുദ്ധ കുർബാനയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ഇടവകവികാരി ബഹു. ജോർജ് പഴേപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാശുശ്രൂഷകൾക്കു ശേഷം മൃതദേഹം മുണ്ടാങ്കൽ പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ജോസഫ് തടത്തിൽ കാർമികത്വം വഹിച്ചു അനുശോചനസന്ദേശം നൽകി. തുടർന്ന് മൃതദേഹം മുണ്ടാങ്കൽ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ആൻസലം നടുപറമ്പിൽ എസ്.എച്ച്.

മുത്തോലപുരം ഇടവകയിൽ പാറാളിൽ കുടുംബത്തിന്റെ ശാഖയായ നടുപറമ്പിൽ ഉലഹന്നാൻ-മറിയം ദമ്പതികളുടെ അഞ്ചു മക്കളിൽ ഇളയ മകളായി 1933 ഏപ്രിൽ 14 ന് സി. ആൻസലം ജനിച്ചു. മാമ്മോദീസായിൽ റോസ എന്ന നാമ കരണം ചെയ്യപ്പെട്ടു. ആദ്യ കുർബാന സ്വീകരിച്ചതുമുതൽ മഠത്തിൽ ചേരുവാൻ ആഗ്രഹമുണ്ടായിരുന്ന റോസയുടെ അഭിലാഷം 1953 മെയ് 31 ന് കുടക്കച്ചിറ മഠത്തിൽ അംഗമായിത്തീർന്നതോടെ സഫലമായി. 1955 ൽ ആദ്യവ്രതവും 1958 ൽ നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായിത്തീർന്നു. സഭാവസ്ത്രം സ്വീകരിച്ച ആദ്യ വർഷം കുടക്കച്ചിറ മഠത്തിലെ ശുശ്രൂഷകൾ ചെയ്തു. പിന്നീട് മലബാറിൽ പുതിയ ഭവനം തുടങ്ങിയപ്പോൾ വളരെ സാഹസികതയോടെ അവിടേക്ക് ആൻസലമ്മ പുറപ്പെട്ടു. മലബാറിൽ കുളത്തുവയൽ, പേരാവൂർ, പൈസ ക്കരി, തരിയോട് തുടങ്ങിയ ഇടവകകളിൽ ആൻസലമ്മ തന്റെ ശുശ്രൂഷ കാഴ്ച വച്ചു.

പാലാ രൂപതയിൽ കുടക്കച്ചിറ, മൂലമറ്റം, വയല, ചക്കാമ്പുഴ, പൂവരണി, ചേറ്റുതോട്, രാമപുരം, പാലാ, അരുണാപുരം എന്നീ മഠങ്ങളിലായി സുപ്പീരി യർ, മെസ് മാനേജർ, ഫാം സൂപ്പർവൈസർ എന്നീ ഉത്തരവാദിത്വങ്ങൾ ഭംഗി യായി നിർവഹിച്ചു. സദാ ദൈവസാന്നിധ്യത്തിലായിരിക്കുന്ന മനുഷ്യാത്മാ വിൽ പ്രകാശിക്കുന്ന സന്തോഷപ്രകൃതിയും സമചിത്തതയും സഹിഷ്ണ തയും സ്വജീവിതത്തിൽ പ്രകാശിപ്പിച്ചു നന്മയുടെ വിളനിലമായി 67 വർഷത്തെ സമർപ്പിതജീവിതം നയിച്ച ആൻസലമ്മ ഫോർമേഷന്റെ വിവിധ തലങ്ങളിൽ പോസ്റ്റുലൻസ്, നോവിസസ്, ജൂണിയേഴ്സ് മിസ്ട്രസ് ആയും സ്തുത്യർഹ മാംവിധം സേവനമർപ്പിച്ചു.

സഭയോടുള്ള കൂറും വിശ്വസ്തതയും നൂറു ശതമാനം പുലർത്തിയ ആൻസ ലമ്മയ്ക്കു തലമുറകളുടെ വിടവുകൾ ഇല്ലാതെ ഇളംതലമുറയ്ക്കു സിദ്ധി കൈമാറുന്നതിലും അവരെ കൈപിടിച്ച് വളർത്തുന്നതിലും ഉണ്ടായിരുന്ന ശ്രദ്ധയും ജാഗ്രതയും ഏറെ ശ്ലാഘനീയമാണ്. കുറ്റപ്പെടുത്താതെ ഇടനി ല്ക്കുന്ന സാന്നിധ്യം എല്ലാവരെയും മനസ്സിലാക്കുന്ന ദുഃഖങ്ങളിൽ അലി വോടെ പങ്കുവയ്ക്കുന്ന മാതൃവാത്സല്യം, സൗഹൃദസംഭാഷണത്തിലൂടെ കൂടെ ആയിരിക്കുന്നതിലൂടെ ഊഷ്മളബന്ധങ്ങൾ കാത്തുസൂക്ഷിച്ചു ജീവിച്ച ആൻസ ലമ്മയുടെകൂടെ ആയിരുന്നവരും ശിഷ്യഗണങ്ങളും ഏറെ നന്ദിയോടെ ആ കരുതലും സ്നേഹവും പരിഗണനയും ഓർക്കുന്നു.

ഹൃദയസംബന്ധമായ രോഗത്തെത്തുടർന്ന് ക്ഷീണിതയായ അമ്മ, രോഗീ ലേപനം സ്വീകരിച്ചു സ്വർഗയാത്രയ്ക്കായി നന്നായി ഒരുങ്ങി. സെപ്റ്റംബർ 19-ാം തീയതി രാവിലെ 3.30 ന് ദിവ്യനാഥന്റെ സന്നിധിയിലേക്കു അമ്മ യാത്ര യായി. 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വി. കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ മൂലമറ്റം മഠം ചാപ്പലിൽ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാന കാർമിക ത്വത്തിൽ മൃതദേഹം മൂലമറ്റം ഫൊറോന പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ഫ്രാൻസീനാ വട്ടമറ്റം എസ്.എച്ച്.

പാലാ രൂപതയിൽ മേലുകാവ് ഇടവകയിൽ വട്ടമറ്റം കുടുംബത്തിൽ പരേതരായ പോത്തൻ ജോസഫിന്റെയും മറിയാമ്മയുടെയുയം ഏഴു മക്കളിൽ മൂന്നാമത്തെ മകളായി 1942 ആഗസ്റ്റ് 22-ാം തീയതി സി. ഫ്രാൻസീനാ ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് ഏലിക്കുട്ടി എന്നായിരുന്നു. എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനുശേഷം തിരുഹൃദയനാഥന്റെ വിളിക്ക് പ്രത്യുത്തരം നൽകി. 1962 ൽ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കി 1964 ഏപ്രിൽ 10 ന് ആദ്യവ്രതവും 1968 മെയ് 30 ന് നിത്യവ്രതവും അനുഷ്ഠിച്ച് ഈശോയുടെ സ്വന്തമായി. 60 വർഷം തിരുഹൃദയസന്ന്യാസിനീസമൂഹത്തിൽ അർപ്പിതജീവിതം അർത്ഥവത്തായി ജീവിച്ചു.

ഫ്രാൻസീനാമ്മയുടെ ശുശ്രൂഷകളാൽ സമ്പന്നമായ ഇടവകകൾ മേലുകാവുമറ്റം, രാമപുരം, പറത്താനം, പാലാ കത്തീഡ്രൽ, ചേറ്റുതോട്, വെള്ളിയാമറ്റം, നരിയങ്ങാനം, ഇടമറുക് ഇവയാണ്. 50 വർഷം വിശ്വാസപരിശീലന രംഗത്ത് തീക്ഷ്ണതയോടെ അധ്വാനിച്ച ഫ്രാൻസിനാമ്മ തന്റെ ശുശ്രൂഷയിലൂടെ വിരിഞ്ഞ അനേകം ആത്മീയഫലങ്ങളെ കണ്ടു സംതൃപ്തിയോടെയാണ് ഈ ലോകത്തിൽനിന്നു വിടവാങ്ങിയത്. കൃഷിയിൽ വളരെ താത്പര്യം കണ്ടെത്തിയിരുന്ന അമ്മ താനായിരുന്ന ഭവനസമൂഹങ്ങളിലെയെല്ലാം കൃഷിയിടങ്ങൾ ഫലവത്താകുന്ന വിധത്തിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയിരുന്നു.

മേരിലാന്റ് ഭവനാംഗമായിരിക്കേ വിവിധ രോഗങ്ങളാൽ അമ്മ ക്ഷീണിതയായി. വിദഗ്ധചികിത്സകളൊന്നും ഫലം കാണാതെ രോഗീലേപനം സ്വീകരിച്ച് അമ്മ മരണത്തിനൊരുങ്ങി. ഒക്ടോബർ 21-ാം തീയതി രാവിലെ 4.45 ന് ആ പാവനാത്മാവ് സ്വർഗത്തിലേക്കു യാത്രയായി. അന്നുതന്നെ ഉച്ചകഴിഞ്ഞ് 3 ന് മേലുകാവുമറ്റം മഠം ചാപ്പലിൽ വി. കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ ജോസഫ് തടത്തിലിന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം മേലുകാവുപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ജെസീന്താ തറപ്പിൽ ഡി.എസ്.റ്റി.

ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് മിഷനറി സന്ന്യാസിനീസമൂഹത്തിലൂടെ ദൈവത്തിനു പൂർണമായി സമർപ്പിച്ച് തന്റെ ആയുസ്സിന്റെ ചുരുങ്ങിയ നാളുകൾകൊണ്ട് സന്ന്യാസത്തിന്റെ ജീവിതവിശുദ്ധ ആവോളം നുകർന്ന് കർത്താവിന്റെ മാത്രം സ്വന്തമായി ജീവിച്ച നമ്മുടെ പ്രിയപ്പെട്ട സി. ജെസീന്താ തറപ്പിൽ പാലക്കാട് രൂപതയിലെ ചീനിക്കപ്പാറ ഇടവകയിൽ വിശ്വാസചൈതന്യം നിറഞ്ഞുനിൽക്കുന്ന തറപ്പിൽ കുടുംബത്തിൽ ജോർജ് - മേരി ദമ്പതികളുടെ നാലു മക്കളിൽ മൂത്തമകളായി 1977

മാർച്ച് 13 ന് ജനിച്ചു. കർത്താവിന് സ്വന്തമായി ജീവിക്കണമെന്ന ആഗ്രഹം ഉള്ളിൽ നിറഞ്ഞപ്പോൾ ഡി.എസ്.റ്റി. സന്ന്യാസിനീസമൂഹത്തിൽ 1996 ജൂൺ 8-ാം തീയതി 27-ാം ബാച്ചിലെ അർത്ഥിനിയായി സി. ജെസീന ചേർന്നു. 2000 ജനുവരി 3 ന് ആദ്യവ്രതവാഗ്ദാനവും 2005 മെയ് 21 ന് നിത്യവ്രതവ്ഗാദാനവും നടത്തി ആത്മാവിനു പൂർണമായി സമർപ്പിച്ചു.

ഡി.എസ്.റ്റി. ഭവനങ്ങളായ കിളിച്ചൂർ, കുറിച്ചിത്താനം, പാലാ, കരിമ്പൻ, റീവ, ചോലത്തടം, മൈഹർ, കുറവിലങ്ങാട് എന്നിവിടങ്ങളിലായിരുന്ന നാളുകൾ തന്റെ കർമവഴികളിലുടനീളം ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് അധ്വാനിച്ച സി. ജെസീന്താ തന്റെ ആയുസ്സും ആരോഗ്യവും ഡി.എസ്.റ്റിക്കായി വിനിയോഗിച്ചു. സി. ജെസീന്തായുടെ പ്രേഷിതപ്രവർത്തനം പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് കുരുന്നു മനസ്സുകളിൽ അക്ഷരദീപം തെളിയിക്കുന്നതിലായിരുന്നു. ഏറെ കരുതലോടും വാത്സല്യത്തോടുംകൂടി തന്റെ കർമമണ്ഡലങ്ങളിൽ വ്യാപിച്ചിരുന്ന സിസ്റ്റർ നിശ്ശബ്ദസേവനത്തിലൂടെ തന്റെ സമർപ്പണത്തെ ധന്യമാക്കി.

കണ്ടുമുട്ടിയ എല്ലാവർക്കും ആനന്ദത്തിന്റെ പുഞ്ചിരി സമ്മാനിച്ച്, സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും അനുഭവങ്ങൾ നൽകിയിരുന്ന സി. ജെസീന്ത ആയിരുന്ന ഇടങ്ങളിലെല്ലാം ജീവൻ നൽകുന്ന സാന്നിധ്യമായി നിലകൊണ്ടിരുന്നു. അനുദിനമുള്ള ദിവ്യകാരുണ്യത്തിലൂടെയും നിരന്തരമായ ജപമാലയർപ്പണത്തിലൂടെയും വചനധ്യാനത്തിലൂടെയും ദൈവഹിതത്തിനു വിധേയപ്പെടുവാനുള്ള ശക്തി സംഭരിച്ചിരുന്ന സി. ജെസീന്താ സ്വന്തമായി സൂക്ഷിച്ചിരുന്ന ജീവിതവിശുദ്ധിയും ആത്മാർത്ഥമായ സഭാസ്നേഹവും അധികാരികളോടുള്ള വിധേയത്വവും തികഞ്ഞ പ്രാർത്ഥനാചൈതന്യവും ജീവിതലാളിത്യവുമെല്ലാം നമ്മുടെയും സമർപ്പണവഴിത്താരയിൽ അനുകരണീയമായി നിലകൊള്ളുന്നു.

പ്രാർത്ഥനാജീവിതത്തോട് ഏറെ നിഷ്ഠപുലർത്തിയിരുന്ന സി. ജെസീന്താ, ആത്മനാഥനോടൊപ്പം പ്രാർത്ഥനയിൽ ഒന്നായിരുന്ന നിമിഷങ്ങളിലാണ് ദാനമായി ലഭിച്ച ജീവിതം ദാതാവിന്റെ കരങ്ങളിലേക്കു തിരികെ സമർപ്പിച്ചത്. എന്റെ ഭാഗധേയം കർത്താവിന്റെ കരങ്ങളിലാണ് എന്നു തന്റെ ജീവിതംകൊണ്ട് തെളിയിച്ച പ്രിയപ്പെട്ട സി. ജെസീന്ത 2022 ഓഗസ്റ്റ് 10 ന് തന്റെ 45-ാമത്തെ വയസ്സിൽ സ്വർഗീയ ആരാമത്തിലേക്കു പ്രവേശിച്ചിരിക്കുമ്പോൾ നല്ല ദൈവം പ്രിയ നിറഞ്ഞ ഈ സഹോദരിയെ നിത്യതയുടെ കിരീടമണിയിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2022

| | | |
|---|---|---|
| 01 | 10.00 am | നീലൂർ ഇടവകയിൽ കാവുംപുറം ബഹു. ജോസഫച്ചന്റെ മാതാവ് ശ്രീമതി മേരി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.30 am | കയ്യൂർ ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 3.00 pm | അന്ത്യാളം ഇടവകയിൽ അറക്കൽ ശ്രീ എ.റ്റി. ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 02 | 11.00 am | ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ഡി.സി.എം.എസ്. നേതൃത്വപരിശീലന ശില്പശാല ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | പാലാ മൗണ്ട് കാർമൽ ഒ.സി.ഡി. ആശ്രമത്തിന്റെ പുതിയ ചാപ്പൽ കൂദാശ ചെയ്തു, വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 03 | 12.15 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു. |
| | 3.00 pm | മുട്ടുചിറ സെന്റ് ജോൺ വിയാനി പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു |
| 04 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 05 | 10.30 am | മണ്ണയ്ക്കനാട് ഇടവകയിൽ LAR സന്യാസിനി സമൂഹത്തിന്റെ പ്രഥമവ്രതവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 05.00 pm | പിഴക് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. |
| 06 | 9.00 am | പാലാ സെന്റ് തോമസ് മാളിൽ പുതുതായി ആരംഭിച്ച മാർ സ്ലീവാ മെഡിസിറ്റിയുടെ സർവീസ് സെന്ററിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 3.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ചു നടന്ന ഹോസ്പിറ്റൽ ഗവേർണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |
| 09 | 9.00 am | ഷംഷാബാദ് രൂപതയിൽ നവാഭിഷിക്തരായ അഭിവന്ദ്യ കൊല്ലംപറമ്പിൽ ജോസഫ്, പാടിയത്ത് തോമസ് പിതാക്കന്മാരുടെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു. |
| 13 | 10.30 am | കൂടല്ലൂർ ഇടവകയിൽ വേങ്ങയിൽ ബഹു. തോമസ് അച്ചന്റെ നവതി ആഘോഷത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. നവതി മീറ്റിംഗിൽ പങ്കെടുത്തു. |
| 14 | 12.00 pm | കത്തീഡ്രലിൽ കെ.സി.ബി.സി. ആഹ്വാനം ചെയ്ത സന്ന്യസ്ത്രർക്കും വൈദികർക്കുംവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു. |
| | 4.00 pm | രത്നഗിരി ഇടവകയിൽ പടിക്കക്കുഴപ്പിൽ ശ്രീമതി മറിയാമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 15 | 10.00 am | അരുണാപുരം ഇടവകയിൽ എഫ്.സി.സി. കോൺഗ്രിഗേഷന്റെ പ്രഥമവ്രതവാഗ്ദാനത്തിനും സഭാവസ്ത്ര സ്വീകരണത്തിനും മുഖ്യകാർമികത്വം വഹിച്ചു. |
| | 2.00 pm | കുറവിലങ്ങാട് ഫൊറോനയിൽ വച്ചു നടന്ന വിശുദ്ധ കുർബാന എഴുന്നള്ളിച്ചുകൊടുക്കുവാനുള്ള ബഹു. സിസ്റ്റേഴ്സിനായുള്ള പ്രത്യേക കോഴ്സിനെ അഭിസംബോധന ചെയ്തു. |
| 16 | 10.00 am | രാമപുരം ഫൊറോനയിൽ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 7.00 pm | ബിഷപ്പ്സ് ഹൗസിൽ ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന് സ്വീകരണം നൽകുന്ന ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 17 | 10.00 am | കുറവിലങ്ങാട് ക്ലാരറ്റ് ഭവനിൽ ക്ലരീഷൻ സഭാംഗങ്ങളായ സഹോദരന്മാർക്ക് മ്ശംശാനപട്ടവും ഹെവ്പതിയാക്ക്നുസ പട്ടവും നൽകി. |
| | 2.00 pm | മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ മൈലാപ്പൂർ തീർത്ഥാടനത്തിൽ പങ്കെടുത്തു. |
| 19 | 3.00 pm | കോതനല്ലൂർ ഫൊറോനയിൽ കാഞ്ഞിരംകുഴിയിൽ ശ്രീമതി അന്നക്കുട്ടി മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 20 | 10.30 am | കൂട്ടിക്കൽ ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി പണി കഴിപ്പിച്ച 9 ഭവനങ്ങളുടെ താക്കോൽദാനകർമ്മവും വെഞ്ചിരിപ്പും നിർവഹിച്ചു. |
| | 3.30 pm | ഭരണങ്ങാനം ദീപ്തിഭവനിൽ കരികിലാംതടത്തിൽ ബഹു. ജോസഫ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 21 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 11.00 am | പാലാ മുനിസിപ്പൽ ടൗൺ ഹാളിൽ ദീപികയുടെ കോട്ടയം എഡിഷന്റെ 135-ാം ആനിവേഴ്സറിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 3.45 pm | വാഗമൺ ഇടവകയിൽ പുതുതായി നിർമ്മിച്ച മൗണ്ട് നെബോ ധ്യാനകേന്ദ്രം ആബാഭവനത്തിന്റ വെഞ്ചിരിപ്പു നടത്തി. |
| 23 | 11.00 am | പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ജീസസ് യൂത്ത് പാലാ രൂപത ഒരുക്കിയ യുവജനധ്യാനത്തിൽ സന്ദേശം നൽകി. |
| | 2.30 pm | പാലാ കത്തീഡ്രലിൽവച്ചു നടന്ന എസ്.എം.വൈ.എം. സംസ്ഥാനസമിതിയുടെ യുവജനദിനാഘോഷം ഉദ്ഘാടനം ചെയ്തു. |
| 24 | 10.30 am | വാക്കാട് ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 12.15 pm | പ്രവിത്താനം ഫൊറോനയിൽ വിവാഹവാഗ്ദാന കർമ്മത്തിനു മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 2.30 pm | ഐങ്കൊമ്പ് ഇടവകയിൽ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമവ്രതവാഗ്ദാനത്തിനും മുഖ്യകാർമികത്വം വഹിച്ചു. |
| 25 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | അമ്പാറ ദീപ്തി ഭവനിൽ ഓറിയന്റൽ കാനൻലോ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. |
| 26 | 2.30 pm | ബിഷപ്സ് ഹൗസിൽ വച്ചുനടന്ന സിനഡൽ എഡ്യുക്കേഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 3.00 pm | മുട്ടുചിറ ഹോളിഗോസ്റ്റ് ആശുപത്രിയുടെ കാർഡിയോളജി വിഭാഗത്തിന്റെ പുതിയ കെട്ടിടത്തിനു ശിലാസ്ഥാപനം നടത്തി. |
| | 5.00 pm | മുട്ടുചിറ ഫൊറോനയിൽ പാലാ ഹോം പ്രോജക്റ്റിന്റെ ഭാഗമായി പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| 28 | 10.00 am | കിഴതടിയൂർ ഇടവകയിൽ പ്രധാന തിരുനാൾ ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 29 | 2.00 pm | പാലാ കത്തീഡ്രലിൽ വെട്ടിക്കൽ ശ്രീ അന്റു തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.00 pm | ചെമ്മലമറ്റം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിൽ ഭവനസന്ദർശനവും പ്രതിനിധിയോഗവും നടത്തി. |
| 30 | 7.45 am | ചെമ്മലമറ്റം ഇടവകയിൽ ഇടയയനടുത്ത സന്ദർശനം നടത്തി. |
| | 3.30 pm | ചെമ്മലമറ്റം ഇടവകയിൽ തെക്കുംചേരിക്കുന്നേൽ ശ്രീ ദേവസ്യ വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 31 | 6.45 am | കത്തീഡ്രലിൽ കെസിബിസി ആഹ്വാനം ചെയ്ത സഭാസമർപ്പണദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
















മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 150 – ാം വാർഷികത്തിന്റെ ഭാഗമായി
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വത്തിൽ 40 വൈദികർ
മൈലാപ്പൂർ തീർത്ഥാടനം നടത്തി.

2022
NOVEMBER

★ SANTHWANAPRAKASHAM ★
PALAI DIOCESAN BULLETIN



വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രം ആബാഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.









Printed at St. Thomas Press, Palai and Published by Fr. Thomas Pezhumkattil